بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

ലക്കം 21

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 മെയ് 21/ഹി.ശം. 1399 ഹിജ്റത്ത് 21/1441 റമളാൻ 27

## അല്ലാഹുവിന്റെ വചനം

يَاَيُّهَا الَّذِيْنَ اٰمَنُوا
اصْبِرُوْا وَصَابِرُوْا وَرَابِطُوْا ۣ
وَاتَّقُوا اللّٰهَ لَعَلَّكُمْ تُفْلِحُوْنَ۝

(آل عمران:201)

'സത്യവിശ്വാസികളേ! നിങ്ങൾ സഹനം കൈക്കൊള്ളുക; നിങ്ങൾ സഹനം കൈക്കൊള്ളുന്നതിൽ മറ്റുള്ളവരെ ജയിക്കുക. എതിർശക്തികളെ വീക്ഷിച്ചുകൊണ്ട് കാവൽ നില്ക്കുക. നിങ്ങൾ വിജയികളായി തീരുന്നതിനുവേണ്ടി അല്ലാഹുവിനെ സൂക്ഷിക്കുക.'(3:201)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**റമളാനിലെ ഈ അവസാന പത്തിൽ മുമ്പത്തേക്കാളുപരി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും താഴ്മയോടെ ദുആ ഇരക്കുകുയും അല്ലാഹുവിനോടു അവന്റെ കരുണയും കൃപയും തേടുകയും ചെയ്യുക. അല്ലാഹു എല്ലാ അഹ്മദികൾക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ**

## സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ ആരോഗ്യത്തെ സംബന്ധിച്ച പുതിയ വിവരം

2020 മെയ് പതിനഞ്ചിന് വെള്ളിയാഴ്ച സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് ഖുത്ബ ജുമുഅ നിർവഹിച്ചല്ല. ഈ അവസരത്തിൽ അവിടന്ന് ജമാഅത്തംഗങ്ങൾക്ക് ഒരുസന്ദേശം നല്കുകയുണ്ടായി. അത് ബഹുമാനപ്പെട്ട പ്രൈവറ്റ് സെക്രട്ടറി മുനീർ അഹ്മദ് ജാവേദ് സാഹിബ് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായിലൂടെ ജമാഅത്തംഗങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു. ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:

'ഇന്ന് എനിക്ക് ജുമുഅ നമസ്ക്കരിപ്പിക്കാൻ കഴിയാത്തതിൽ അതിയായ വിഷമമുണ്ട്. കാരണം കഴിഞ്ഞ ദിവസം വീടിന്റെ നടുമിറ്റത്ത് നടക്കുമ്പോൾ മാറ്റിൽ(mat)തട്ടി കാലുതെന്നി ഉറപ്പുള്ള സ്ഥലത്ത് വീണ കാരണത്താൽ നെറ്റിക്കും മൂക്കിനും സാരമായ പരിക്കേറ്റു. അതുകൊണ്ട് ജുമുഅ നമസ്കരിപ്പിക്കുക എന്നത് ബുദ്ധിമുട്ടാണ്. വിശ്രമിക്കാനാണ് ഡോക്ടറും പറഞ്ഞിട്ടുള്ളത്. അല്ലാഹു പൂർണമായ ആയുരാരോഗ്യം നല്കുമാറാകട്ടെ. അടുത്ത ജുമുഅയ്ക്ക് ഇൻശാഅല്ലാഹ് വരാൻ കഴിയുമാറാകട്ടെ.

"ഇതുപോലെതന്നെ ഇപ്പോൾ റമളാന്റെ അവസാനത്തെ പത്താണ്. ഇതിൽ ജമാഅത്തിനുവേണ്ടിയും ധാരാളം ദുആ ചെയ്യുക. അല്ലാഹു ജമാഅത്തിനെ എല്ലാ ശർറുകളിൽനിന്നും രക്ഷിക്കുകയും തന്റെ കാവലിൽ വെക്കുകയും ചെയ്യുമാറാകട്ടെ. പാക്കിസ്താനിൽ ഈയിടെയായി രാഷ്ട്രീയക്കാരും മാധ്യമങ്ങളും ജമാഅത്തിന്നെതിരിൽ തീവ്രമായിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റേയും അവന്റെ റസൂൽ ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് സ്വല്ലല്ലാഹു അലയ്ഹിവസല്ലമിന്റേയും പേരിൽ രാഷ്ട്രീയം കളിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഹ്മദികളെ കുറിമാനമാക്കാൻ ഒരുപാട് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു അഹ്മദികളേയും മുഴുവൻ ജനതയേയും അവരുടെ ഈ കളിയുടെ ദുഷ്ഫലങ്ങളിൽനിന്ന് സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. എന്തായാലും അവരുടെ എല്ലാ ആക്രമണങ്ങൾക്കും മറുപടിയായി നമ്മുടെ ജോലി ദുആ ചെയ്യുകയും അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും ചെയ്യുക എന്നതാണ്. റമളാനിലെ ഈ അവസാന പത്തിൽ മുമ്പത്തേക്കാളുപരി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും താഴ്മയോടെ ദുആ ഇരക്കുകുയും അല്ലാഹുവിനോടു അവന്റെ കരുണയും കൃപയും തേടുകയും ചെയ്യുക. അല്ലാഹു എല്ലാ അഹ്മദികൾക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

അതിനുശേഷം ബഹുമാന്യനായ ഡോക്ടർ ശബ്ബീർ ഭട്ടി സാഹിബ് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ മെഡിക്കൽ റിപ്പോർട്ട് ജമാഅത്തംഗങ്ങളെ അറിയിച്ചു. ഡോക്ടർ സാഹിബ് പറഞ്ഞു: ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് വീണതുകൊണ്ട് നെറ്റിയിലും കാൽമുട്ടിലും പരിക്കുപറ്റി. അല്ലാഹുവിന്റെ പ്രത്യേക ഫള്ലുകൊണ്ട് ഈ പരിക്കുകളെല്ലാം പുറമെയാണ്. നെറ്റിയിലും മറ്റു അവയവങ്ങളിലും ആഴത്തിൽ പരിക്കേറ്റിട്ടില്ല. കുറച്ച് വീക്കമുണ്ട്. പക്ഷേ, അത് പതുക്കെ പതുക്കെ കുറഞ്ഞുവരുന്നു. ഇൻശാ അല്ലാഹ് പൂർണമായ ശിഫാ ഉണ്ടാകുന്നതായിരിക്കും. ഹുദൂർ ബുദ്ധിമുട്ടൊന്നും കൂടാതെ നടക്കുന്നുണ്ട്. പൊതുവെ അവസ്ഥ മെച്ചപ്പെട്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. കുറച്ചു ദിവസം വിശ്രമിക്കാനും ജുമുഅ നമസ്കരിപ്പിക്കേണ്ടെന്നും വിനയപൂർവം അപേക്ഷിച്ചിരുന്നു, ഹുദൂർ വാത്സല്യപൂർവം അത് സമ്മതിച്ചു. ജസാക്കുമുല്ലാഹ്.

..........☆..........☆..........☆..........

## ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ ആരോഗ്യത്തെ കുറിച്ച് ഡോക്ടർ ശബ്ബീർ സാഹിബിന്റെ പുതിയ റിപ്പോർട്ട് (മെയ് 17, 2020 ഞായറാഴ്ച)

അല്ലാഹുവിന്റെ കൃപയാൽ ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ ആരോഗ്യം വളരെ മെച്ചപ്പെട്ടിരിക്കുന്നു. മുറിവുകളുടെ വേദനയിൽ കുറവുണ്ട്. നെറ്റിയുടേയും മൂക്കിന്റേയും കാൽമുട്ടിന്റേയും മുറിവ് തൃപ്തികരമായ നിലയിൽ സുഖം പ്രാപിച്ചു വരുന്നു. അൽഹംദുലില്ലാഹ്. ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് കത്തുകളും വായിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ജമാഅത്തംഗങ്ങൾക്കുംവേണ്ടി ദുആകളും ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങളും പ്രിയപ്പെട്ട ഹുദൂറിനുവേണ്ടി ദുആ തുടർന്നുകൊണ്ടിരിക്കുക. അടുത്ത ജുമുഅയ്ക്ക് ജമാഅത്തംഗങ്ങൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ നേരിട്ട് കണ്ട് ധന്യരാകാൻ അല്ലാഹു അവന്റെ കൃപയാൽ ഹുദൂറിന് എത്രയും വേഗം പൂർണമായ ശിഫാ നല്കുമാറാകട്ടെ.

..........☆..........☆..........☆..........

ജമാഅത്തംഗങ്ങൾ പ്രിയപ്പെട്ട ഇമാം സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിന്റെ പൂർണ ശിഫായ്ക്കും ആയുരാരോഗ്യത്തിനുംവേണ്ടി പ്രത്യേകമായും ദുആ ചെയ്തുകൊണ്ടിരിക്കുക:

اَللّٰهُمَّ رَبَّ النَّاسِ، اَذْهِبِ الْبَاْسَ، اِشْفِ اَنْتَ الشَّافِيْ لَا شِفَاءَ اِلَّا شِفَاؤُكَ، شِفَاءً لَّا يُغَادِرُ سَقَمًا

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 നവംബർ 03, ശനിയാഴ്ച:**

ഒരു ജേർണലിസ്റ്റ്: ഹുദൂർ അഞ്ചു വർഷം മുമ്പേയാണ് അമേരിക്ക സന്ദർശിച്ചത്. ഇപ്രാവശ്യം ഹുദൂർ മൂന്നാഴ്ചയായി അമേരിക്കയിലുണ്ട്. ഇവിടെ എന്തെങ്കിലു മാറ്റം ഹുദൂർ കണ്ടിട്ടുണ്ടോ. ഇപ്രാവശ്യത്തെ സന്ദർശനത്തെ കുറിച്ചുള്ള താങ്കളുടെ അനുഭവമെന്താണ്?

**ഹുദൂർ:** ഞങ്ങളുടെ ജമാഅത്തിനു ലഭിച്ച മാറ്റങ്ങളെകുറിച്ച് പരാമർശിക്കുകയാണെങ്കിൽ വളരെ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളില് അഹ്മദി അഭയാർഥികളുടെ വളരെ വലിയൊരു എണ്ണം ഇവിടേക്ക് വരികയുണ്ടായി. കൂടാതെ ഞങ്ങളുടെ ജമാഅത്ത് ഇവിടെ കുറച്ച് മസ്ജിദുകളും പണിയുകയുണ്ടായി. ഇത് വിവിധ പട്ടണങ്ങളിലും സ്റ്റേറ്റുകളിലും ജമാഅത്തിനു ലഭിച്ച പുതിയ നേട്ടമാണ്. ജമാഅത്ത് പുരോഗതിയുടെ പാതയിലാണ്. രാഷ്ട്രത്തിനു ലഭിച്ച പുരോഗതിയെ കുറിച്ച് പരാമർശിക്കുകയാണെങ്കിൽ എന്റെ അഭിപ്രായത്തിൽ അതിനെ കുറിച്ച് എന്നേക്കാൾ കൂടുതൽ അറിയുന്നത് നിങ്ങൾക്കാണല്ലോ. ഈ സാഹചര്യത്തിൽ മാറ്റം വളരെ പ്രകടമാണ്. ഭരണകൂടങ്ങൾ മാറി വരുമ്പോഴെല്ലാം മാറ്റങ്ങൾ സംഭവിക്കുക സ്വാഭാവികമാണ്. ചില രാഷ്ട്രീയ മാറ്റങ്ങളും സംഭവിക്കാറുണ്ട്. ഞങ്ങളുടെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം എവിടെയെല്ലാം അത് അമേരിക്കയിൽ സ്ഥാപിതമാണോ അവിടെയെല്ലാം രാഷ്ട്രീയക്കാരുമായി നല്ല ബന്ധമാണുള്ളത്. ഈ ബന്ധങ്ങളിൽ കൂടുതൽ പുരോഗതിയുണ്ടാകുന്നുണ്ട്.

ഇപ്പോൾ നിങ്ങളുടെ രാഷ്ട്രീയക്കാരെല്ലാം ഇലക്ഷനുമായി ബന്ധപ്പെട്ട് തിരക്കിലാണ്. ഇതിന്റെ ഫലങ്ങളെന്തൊക്കെയാണ്?

ഒരു ജേർണലിസ്റ്റ്: നിങ്ങൾ തിരഞ്ഞെടുപ്പ് ഫോളോ ചെയ്യാറുണ്ടോ?

**ഹുദൂർ:** വളരെയധികമായിട്ടില്ലെങ്കിലും കുറച്ചു വിവരങ്ങളുണ്ട്. ഇന്ന് ഒരുപക്ഷേ, നിങ്ങളുടെ പ്രസിഡന്റ് സ്വന്തം കാമ്പയിനിന്റെ അവസാന പ്രഭാഷണം നടത്തി.

ഒരു ജേർണലിസ്റ്റ്: അമേരിക്കയെ കൂടാതെയുള്ള മറ്റു രാഷ്ട്രങ്ങളിൽ അഹ്മദികളുടെ മേൽ ദ്രോഹപ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

**ഹുദൂർ:** പ്രത്യേകിച്ചും പാക്കിസ്താനിൽ വളരെയധികം പ്രോസിക്യൂഷൻ നടന്നു വരുന്നു. പാക്കിസ്താനിൽനിന്ന് നല്ലൊരു ശതമാനം അഹ്മദികൾ പുറംനാടുകളിലേക്ക് പാലായനം ചെയ്യുകയാണ്. ഇതിന്നുള്ള കാരണം പ്രോസിക്യൂഷൻ തന്നെയാണ്. പാക്കിസ്ഥാനിൽ അഹ്മദികൾക്കെതിരിൽ വ്യവസ്ഥാപിതമായ നിയമങ്ങളാണ് നിലവിലുള്ളത്. അതനുസരിച്ച് ഞങ്ങൾക്ക് സ്വന്തം വിശ്വാസങ്ങൾ പ്രകടിപ്പിക്കാൻ കഴിയാറില്ല. അതനുസരിച്ച് പ്രവർത്തിക്കാനും കഴിയില്ല. ഇതിന്റെ പ്രചാരണങ്ങളും നടത്താൻ കഴിയാറില്ല. പാക്കിസ്തനെക്കൂടാതെ വേറേയും ചില രാഷ്ട്രങ്ങളുണ്ട്. അവിടേയും അഹ്മദികൾക്ക് പ്രശ്നങ്ങളുണ്ട്. എന്നാൽ, പ്രത്യേകമായ നിലയിൽ പാക്കിസ്ഥാനിൽ അഹ്മദികളുടെ ജീവിതം വളരെ പ്രതിസന്ധിയിലാണ്.

ഒരു ജേർണലിസ്റ്റ്: നിങ്ങൾ പുരോഗമന രാഷ്ട്രങ്ങളിൽ സേവന പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. നിങ്ങളുടെ ജമാഅത്ത് ഈ രാഷ്ട്രങ്ങളെ എങ്ങനെയാണ് സഹായിക്കുന്നത്?

**ഹുദൂർ:** ആഫ്രിക്ക, പ്രത്യേകിച്ചും വെസ്റ്റാഫ്രിക്കയിലെ വളരെയധികം രാജ്യങ്ങളിൽ ഞങ്ങളുടെ ഹോസ്പിറ്റലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ രാഷ്ട്രങ്ങളിൽ മെഡിക്കൽ സൗകര്യങ്ങൾ ഞങ്ങൾ ചെയ്തു വരുന്നു. ഈ രാഷ്ട്രങ്ങളിൽ ഞങ്ങളുടെ സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്. സ്കൂളുകളിൽ എത്തിപ്പെടാൻ സാധിക്കാതെ വരുന്ന കുട്ടികൾക്കും ഞങ്ങൾ വിദ്യാഭ്യാസം നല്കുന്നുണ്ട്. ഞങ്ങളുടെ അധിക സ്കൂളുകളും ഉൾപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇതു കൂടാതെയും പല പ്രൊജക്റ്റുകളും നടന്നു വരുന്നു; ശുദ്ധജല പ്രൊജക്റ്റ് പോലെയുള്ളത്. ആഫ്രിക്കയിൽ ശുദ്ധ ജല ലഭ്യത വളരെ ബുദ്ധിമുട്ടാണ്. ചെറിയ ചെറിയ കുട്ടികൾ വലിയ കുടങ്ങളും തലയിലേറ്റി രണ്ടും മൂന്നും കിലോമീറ്റർ യാത്ര ചെയ്താണ് കുളങ്ങളിൽനിന്ന് കുടിവെള്ളം കൊണ്ടുവരുന്നത്. ലഭ്യമാകുന്ന ജലമാകട്ടെ മലിനവും. ഇവരുടെ വീടിനടുത്ത് കുടിവെള്ളം കിട്ടുമ്പോൾ അവർ വളരെ സന്തോഷം പ്രകടിപ്പിക്കുന്നു. ഇവിടെ നിങ്ങൾക്ക് വിലയുള്ള സാധനങ്ങൾ ലഭിക്കുമ്പോൾ വളരെ സന്തോഷിക്കാറുണ്ട്. സന്തോഷത്താൽ തുള്ളിച്ചാടാറുണ്ട്. ആഫ്രിക്കയിലെ ഈ ജനങ്ങൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾപോലും നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ അവർക്ക് ശുദ്ധ ജലം ലഭിക്കുമ്പോൾ മുഖങ്ങൾ സന്തോഷ പൂരിതമാകുന്നു. ആ സമയത്തെ അവരുടെ വികാരങ്ങൾ വിവരണാതീതമാണ്.

ഒരു പത്ര പ്രവർത്തകൻ: അഹ്മദികളും മറ്റു മുസ്ലിമീങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ്.?

**ഹുദൂർ:** എല്ലാ മുസ്ലിമീങ്ങളും മുഹമ്മദ് നബി(സ)യുടെ ദീർഘദർശനമനുസരിച്ച് അവസാന കാലഘട്ടത്തിൽ ഇവരുടെ വ്യാഖ്യാനമനുസരിച്ച് രണ്ട് വ്യക്തികൾ വരുമെന്നാണ് വിശ്വസിക്കുന്നത്. അവരിലൊരു വ്യക്തി മസീഹും മറ്റേത് മഹ്ദിയുമാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ മിർസാ ഗുലാം അഹ്മദ്(അ) അതേ വ്യക്തികളാണെന്നാണ് ഞങ്ങളുടെ വിശ്വാസം. മുഹമ്മദ് നബി(സ) ദീർഘദർശനം നടത്തിയ അതേ വ്യക്തിയാണ് താനെന്ന് ഉന്നതനായ അല്ലാഹു വെളിപാട് നല്കിയിരിക്കുന്നു എന്ന വാദം അദ്ദേഹം പുറപ്പെടുവിച്ചു. വരാനിരിക്കുന്ന വ്യക്തിയുടെ സ്ഥാനം നബിയുടേത് പോലെയായരിക്കും. മറ്റു മുസ്ലിമീങ്ങൾ പറയുന്നത് ആ വ്യക്തി ഇപ്പോഴും വെളിപ്പെട്ടിട്ടില്ലെന്നാണ്. മസീഹ് ആകാശത്തിൽ നിന്നു വരുമെന്നും മഹ്ദി മുസ്ലിമീങ്ങളുടെ ഇടയിൽ നിന്ന് വെളിപ്പെടുമെന്നും അവർ വിശ്വസിക്കുന്നു. പിന്നീട് അവർ രണ്ടു പേരും ചേർന്ന് ഇസ്ലാമിനെ വ്യാപിപ്പിക്കുന്ന പ്രവർത്തി ചെയ്യുമെന്നാണ് ഇവർ വിശ്വസിച്ചു പോരുന്നത്. അഹ്മദികൾ സ്വന്തം ജമാഅത്തിന്റെ സ്ഥാപകരായ മിർസാ ഗുലാം അഹ്മദ്(അ)നെ നബി എന്ന് കരുതുന്നുവെന്നാണ് ഇതര മുസ്ലിമീങ്ങൾ പറയുന്നത്. ഞങ്ങൾ നബി എന്നു തന്നെയാണ് കരുതുന്നത് എന്നാണ് ഞങ്ങളുടെ മറുപടിയും. കാരണം ഇസ്ലാമിന്റെ ദൂതൻ ഹദ്റത്ത് മുഹമ്മദ് നബി(സ) തന്നെയാണ് അദ്ദേഹത്തിന് നബി എന്ന പദവി നല്കിയിട്ടുള്ളത്. മിർസാ ഗുലാം അഹ്മദിനെ നബി എന്ന് വിശ്വസിക്കുന്നത് കാരണത്താൽ മുഹമ്മദ് നബി(സ)യുടെ അന്ത്യത്വത്തെ ഞങ്ങൾ അവസാനിപ്പിക്കുന്നു എന്നാണ് ഇവർ ആരോപിക്കുന്നത്. ഇപ്രകാരം ഇവർ പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മതപരിത്യാഗികളാണെന്നും മുഹമ്മദ് നബിയുടെ അന്തസ്സിന് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്നും അതുകൊണ്ട് എല്ലാ തരത്തിലുള്ള ശിക്ഷകൾക്കും അർഹരാണെന്നും ഇവർ വാദിക്കുന്നു. എന്നാൽ, വിശുദ്ധ ഖുർആനാകട്ടെ മുഹമ്മദ് നബിയെ ആക്ഷേപിക്കുന്നവർക്ക് അല്ലെങ്കിൽ മത പരിത്യാഗികൾക്ക് ഒരു ശിക്ഷയും നിശ്ചയിക്കുന്നില്ല. ഇതേകാരണം പറഞ്ഞാണ് പാക്കിസ്താനിൽ അഹ്മദികൾ പീഢിപ്പിക്കപ്പെടുന്നത്. മറ്റു മുസ്ലിം രാജ്യങ്ങളിലും അഹ്മദികളെ ഇഷ്ടപ്പെട്ട് കാണപ്പെടുന്നില്ല. ഞങ്ങളുടെ വിശ്വാസത്തെ സംബന്ധിച്ചിടത്തോളം മുഹമ്മദ് നബി(സ) അവസാന ശരീഅത്തീ നബിയാണെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. വിശുദ്ധ ഖുർആൻ അവസാന ശരീഅത്ത് ഗ്രന്ഥമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, അവസാന നാളുകളിൽ വരുന്ന വ്യക്തിക്ക് നബി(സ)തിരുമേനിയാണ് നബി എന്ന സ്ഥാനപ്പേര് നല്കിയിട്ടുള്ളത് എന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, അദ്ദേഹം ശരീഅത്തീ നബിയല്ല, മറിച്ച് നബിയുടെ പ്രതിച്ഛായയാണ്. മുഹമ്മദ് നബി(സ)ക്ക് ശേഷം ളില്ലി നബി വരാമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. എന്നാൽ, പുതിയ ഒരു ശരീഅത്തും വരിക സാധ്യമല്ല എന്നും ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ഞങ്ങൾക്കും ഇതര മുസ്ലിമീങ്ങൾക്കും ഇടയിൽ നബിയുടെ ഖാതമുന്നബിയ്യീൻ എന്ന പദത്തിന്റെ വ്യാഖ്യാനത്തിൽ വ്യത്യാസമുണ്ട്. മുഹമ്മദുനബി(സ) അവസാനത്തെ ശരീഅത്തീ നബിയാണെന്നും അദ്ദേഹത്തിനു ശേഷം ളില്ലി നബി വരാമെന്നും ഞങ്ങൾ പറയുമ്പോൾ ഇതര മുസ്ലിമീങ്ങൾ പറയുന്നത് മുഹമ്മദ് നബി(സ) ഖാത്തമുന്നബിയ്യീൻ ആയതുകൊണ്ട് അദ്ദേഹത്തിനു ശേഷം ഇനി ഒരു വിധത്തിലുമുള്ള നബിയും അത് ളില്ലി നബിയാണെങ്കിലും ശരി, ശരീഅത്തീ നബിയാണെങ്കിലും ശരി വരുന്നതല്ല എന്നാണ്.

വോയിസ് ഓഫ് അമേരിക്കയുടെ പ്രതിനിധി (ബംഗ്ള സർവീസ്): ഇപ്പോൾ ലോകത്ത് എല്ലാ സ്ഥലങ്ങളിലും മുസ്ലിമീങ്ങളുടെ മേൽ അക്രമങ്ങൾ നടന്നു വരുന്നു. ഫലസ്തീനിൽ ദ്രോഹങ്ങൾക്ക് വിധേയമാക്കപ്പെടുന്നു. ആഫ്രിക്കയിൽ മുസ്ലിമീങ്ങളുടെമേൽ അതിക്രമങ്ങൾ ഉണ്ടാകുന്നു. ഈയിടെ മ്യാന്മറിലും മുസ്ലിമീങ്ങളുടെ മേൽ അതിക്രമം ഉണ്ടായി. ലക്ഷക്കണക്കിനു പേർ മ്യാന്മറിൽനിന്ന് പലായനം ചെയ്യേണ്ടി വന്നു. അവർ ബംഗ്ലദേശിൽ വന്ന് അഭയം തേടുന്നു. അവിടെ അവർ ക്യാമ്പുകളിൽ ദുരിതമയമായ അവസ്ഥകളിലൂടെ കഴിഞ്ഞു പോകുന്നു.ഇതിന് എന്താണ് പരിഹാരം. അഹ്മദിയ്യാ ജമാഅത്ത് ഇതു വിഷയകമായി എന്തു വിചാരമാണ് പുലർത്തുന്നത്?

**ഹുദൂർ:** മുസ്ലിമീങ്ങളുടെമേൽ മാത്രമല്ല അതിക്രമം നടന്നു വരുന്നത്. അവികസിത രാഷ്ട്രങ്ങളിൽ പ്രത്യേകിച്ചും ആഫ്രിക്കയിലെ ജനങ്ങൾ അങ്ങേയറ്റം മോശമായ സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നത്. രോഹിംഗ്യൻ മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ മേൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും അല്ലെങ്കിൽ അവരുടെ പിന്തുണയോടെ മറ്റുള്ളവർ വളരെയധികം അതിക്രമങ്ങൾ നടന്നുവരുന്നു. ഈ ആക്രമങ്ങൾക്കെതിരെ ഞങ്ങൾ ശബ്ദം ഉയർത്താറുണ്ട്. അതിശക്തമായി അപലപിക്കാറുണ്ട്. ഞങ്ങളുടെ ചാരിറ്റി സംഘടന വഴി അവരുടെ ബംഗ്ലാദേശ് ക്യാമ്പുകളിൽ സാധ്യമാകുന്ന എല്ലാ സഹായങ്ങളും എത്തിച്ചു വരുന്നു. ഏതെങ്കിലും രൂപത്തിലുള്ള അതിക്രമങ്ങൾ നടത്തുന്ന രാഷ്ട്രങ്ങൾക്കെതിരിൽ ഞങ്ങൾ ശബ്ദം ഉയർത്താറുണ്ട്.

ഒരു ജേർണലിസ്റ്റ്: ഒരു പൂർണ ഇസ്ലാമിക സമൂഹം എങ്ങനെയായിരിക്കും ഉണ്ടാകുക? ഒരു

(ശേഷം പേജ് 9ൽ)

# ഖുത്ബ ജുമുഅ

അബ്ദുർറഹ്മാൻ(റ) പറയുന്നു: 'ഞാൻ ചൂണ്ടിക്കാണിച്ചതേയുള്ളു ആ രണ്ടുകുട്ടികളും പരുന്തിനെപ്പോലെ ചാടി വീഴുകയും ശത്രുവിന്റെ അണികൾ ഭേദിച്ചുകൊണ്ട് നിമിഷങ്ങൾക്കുമുമ്പേ അവിടെ എത്തുകയും അബൂജഹ്‌ലും അയാളുടെ കൂട്ടാളികളും അന്തംവിട്ടുപോകുംവിധം അയാളെ വേഗത്തിൽ വെട്ടിവീഴ്ത്തുകയും ചെയ്തു. അബൂജഹ്ൽ താഴെയാണുണ്ടായിരുന്നത്.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ബദ്‌രീ സ്വഹാബി
ഹദ്റത്ത് മുആദ് ബിൻ ഹാരിഥി(റ)ന്റെ ഉൽകൃഷ്ട ജീവിതത്തെ കുറിച്ചുള്ള ചർച്ച

രണ്ടു മുസ്‌ലിം യുവാക്കളുടെ കൈയാൽ സത്യനിഷേധികളുടെ നേതാവ് അബൂ ജഹ്‌ലിന്റെ നാശത്തിന്റെ വിശദീകരണം.

ഖിലാഫത്തിനെ പൂർണമായും അനുസരിച്ചിരുന്ന, അതിനെ പ്രേമിച്ചിരുന്ന,
ധൈര്യവാനും ധീരനും കലിമയുടെ സംരക്ഷകനും ദൈവമാർഗത്തിലെ തടവുകാരനും
ജമാഅത്തിന്റെ ആത്മാർഥ സേവകനും'അമലയെ ഹിഫാളത്തെ ഖാസ്വി'ലെ ഉദ്യോഗസ്ഥനുമായിരുന്ന
ബഹുമാന്യ റാണാ നയീമുദ്ദീൻ സാഹിബിനെ കുറിച്ചുള്ള അനുസ്മരണം

"ഞാൻ അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും വലിയ സമാധാനം കണ്ടു, ഖിലാഫത്തിനോടുള്ള സ്നേഹം കണ്ടു."

**ഖുത്ബ ജുമുഅ 2020 ഏപ്രിൽ 17/1399 ശഹാദത്ത് 17**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന്, ബദ്‌രീ സ്വഹാബാക്കളിൽപ്പെട്ട ഹദ്റത്ത് മുആദ് ബിൻ ഹാരിഥി(റ)നെക്കുറിച്ചാണ് വിവരിക്കുന്നത്. ഹദ്റത്ത് മുആദിന്റെ ബന്ധം അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ മാലിക് ബിൻ നജ്ജാറുമായിട്ടാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിഥ് ബിൻ രിഫാഅ എന്നും മാതാവിന്റെ പേര് അഫ്റാഅ് ബിൻത് ഉബയ്ദ് എന്നുമായിരുന്നു. ഹദ്റത്ത് മുഅവ്വിദും(റ) ഹദ്റത്ത് ഔഫും(റ) അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരായിരുന്നു. ഈ മൂന്നു സഹോദരന്മാരും തങ്ങളുടെ പിതാവിനുപുറമെ അവരുടെ മാതാവിനോടു ചേർത്ത് വിളിക്കപ്പെട്ടിരുന്നു. ഇവർ മൂവരേയും ബനൂ അഫ്റാഅ് എന്നും പറയപ്പെടുന്നു. ഹദ്റത്ത് മുആദും അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരായ ഹദ്റത്ത് ഔഫും(റ) ഹദ്റത്ത് മുഅവ്വിദും(റ) ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് ഔഫും(റ) ഹദ്റത്ത് മുഅവ്വിദും(റ) ബദ്ർ യുദ്ധത്തിൽ ശഹീദായി. എന്നാൽ, ഹദ്റത്ത് മുആദ് പിന്നീടുള്ള എല്ലാ യുദ്ധത്തിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് മുആദ് ബിൻ ഹാരിഥും(റ) ഹദ്റത്ത് റാഫിഅ് ബിൻ മാലിക് സുറഖീയും ആദ്യകാല അൻസ്വാറിൽപ്പെട്ടവരാണ്. അവർ നബി(സ)തിരുമേനിയിൽ മക്കയിൽ വിശ്വസിച്ചവരാണ്. ഒന്നാം അഖബ ബയ്അത്തിന്റെ അവസരത്തിൽ മക്കയിൽവെച്ച് നബി(സ)തിരുമേനിയുടെ കൈയിൽ ബയ്അത്തു ചെയ്ത എട്ട് അൻസ്വാറിൽ ഹദ്റത്ത് മുആദും ഉൾപ്പെടുന്നു. ഇപ്രകാരംതന്നെ രണ്ടാം അഖബ ബയ്അത്തിലും ഹദ്റത്ത് മുആദ് സന്നദ്ധനായിരുന്നു. ഹദ്റത്ത് മഅ്മർ ബിൻ ഹാരിഥ്(റ) മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ എത്തിയപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തേയും ഹദ്റത്ത് മുആദ് ബിൻ ഹാരിഥി(റ)നേയും സഹോദരന്മാരാക്കി.(ഉസുദുൽ ഗാബ വാല്യം 5, പേജ് 190–191, ഹദ്റത്ത് മുആദ് ബിൻ അൽഹാരിഥ് ബിൻ രിഫാഅ, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 2003)(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 374, ഹദ്റത്ത് മുആദ് ബിൻ അൽഹാരിഥ്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് ലബ്നാൻ 1990)

അബൂ ജഹ്ൽ വധിക്കപ്പെട്ട സംഭവത്തിന്റെ കുറച്ചു വിശദീകരണം മുമ്പേ, കഴിഞ്ഞ വർഷത്തെ ഒരു ഖുത്ബയിൽ കഴിഞ്ഞിട്ടുണ്ട്. (ഖുത്ബ ജുമുഅ 2019 ഏപ്രിൽ 5, അൽഫള്ൽ ഇന്റർനാഷണൽ 2019 ഏപ്രിൽ 26) പക്ഷേ, ഇവിടേയും അത് വിവരിക്കുകയാണ്. ഹദ്റത്ത് മുആദുമായി അതിനു ബന്ധമുള്ളതിനാൽ ഇതും ആവശ്യമാണ്. ബുഖാരിയിലെ നിവേദനമാണ് വിവരിക്കുന്നത്. അതിന്റെ സംക്ഷിപ്തം വിവരിക്കാൻ സാധ്യമല്ല. ബുഖാരിയുടെ മുഴുവൻ നിവേദനവും വായിക്കേണ്ടിവരും.

സ്വാലിഹ് ബിൻ ഇബ്റാഹീം തന്റെ പിതാമഹൻ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ ബദ്ർ യുദ്ധത്തിൽ അണിയിൽ നില്ക്കുകയായിരുന്നു. ഞാൻ എന്റെ ഇടവും വലവും ദൃഷ്ടി പായിച്ചപ്പോൾ എന്താണ് കാണുന്നത്? ചെറുപ്രായത്തിലുള്ള രണ്ടു അൻസ്വാരി കുട്ടികൾ! ഇവരെക്കാൾ കൂടുതൽ യുവത്വമുള്ളവരുടേയും ചുറുചുറുക്കുള്ളവരുടേയും ഇടയിലായിരുന്നു ഞാനെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി! ഇത്രയുമായപ്പോൾ അവരിലൊരാൾ എന്റെ കൈ അമർത്തിക്കൊണ്ടു ചോദിച്ചു: പിതൃവ്യാ! അങ്ങ് അബൂജഹ്‌ലിനെ തിരിച്ചറിയുമോ? ഞാൻ പറഞ്ഞു, അറിയും! അറിഞ്ഞതുകൊണ്ട് നിങ്ങൾക്കെന്താണ് ചെയ്യാൻ കഴിയുക? അവൻ പറഞ്ഞു, നബി(സ)തിരുമേനിയെ അയാൾ ചീത്ത വിളിക്കാറുണ്ടെന്ന് എന്നോടു പറയപ്പെട്ടിട്ടുണ്ട്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഞാൻ അയാളെ കണ്ടാൽ ഞങ്ങളിരുവരിൽ കാലം മുമ്പേ വിധിക്കപ്പെട്ടിട്ടുള്ള അയാൾ മരിക്കുവോളം എന്റെ കണ്ണ് അയാളുടെ കണ്ണിൽനിന്ന് വേറിടുകയില്ല. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് പറഞ്ഞു: ഞാൻ അതുകേട്ട് അത്ഭുതപ്പെട്ടു. പിന്നീട് രണ്ടാമത്തയാൾ എന്റെ കൈ അമർത്തി. അവനും എന്നോടു അങ്ങനെതന്നെ ചോദിച്ചു. അല്പം സമയമേ കഴിഞ്ഞിട്ടുണ്ടാകുകയുള്ളു ഞാൻ അബൂ ജഹ്ൽ ജനങ്ങളിൽ ചുറ്റിക്കറങ്ങുന്നതുകണ്ടു. ഞാൻ പറഞ്ഞു, നിങ്ങൾ എന്നോടു ചോദിച്ച നിങ്ങളുടെ കൂട്ടുകാരൻ അയാളാണ്. ഇതുകേട്ടപാടെ അവരിരുവരും തങ്ങളുടെ വാളുകളെടുത്തു. അയാളിലേക്ക് ചാടിവീഴുകയും ഇരുവരും ആക്രമിച്ച് അയാളെ വധിക്കുകയും ചെയ്തു. പിന്നീട് അവരിരുവരും നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബിയെ വിവരം അറിയിച്ചു. നിങ്ങളിലാരാണ് അയാളെ വധിച്ചതെന്ന് നബി(സ)തിരുമേനി ചോദിച്ചു. താനാണ് അയാളെ വധിച്ചതെന്ന് ഇരുവരും പറഞ്ഞു. നിങ്ങൾ നിങ്ങളുടെ വാള് തുടച്ച് വൃത്തിയാക്കിയോ എന്ന് നബി(സ)തിരുമേനി ചോദിച്ചു. ഇല്ലെന്ന് അവർ പറഞ്ഞു. നബി(സ)തിരുമേനി വാളുകൾ കണ്ടുകൊണ്ടു പറഞ്ഞു, നിങ്ങൾ രണ്ടു പേരും തന്നെയാണ് അയാളെ വധിച്ചത്. അയാളുടെ യുദ്ധമുതൽ മുആദ് ബിൻ അംറ് ബിൻ ജമൂഹിന് ലഭിക്കുന്നതായിരിക്കും. അവരിരുവരുടേയും പേര് മുആദ് എന്നായിരുന്നു; മുആദ് ബിൻ അഫറാഅ്, മുആദ് ബിൻ അംറ് ബിൻ ജമൂഹ്. ഇത് സ്വഹീഹ് ബുഖാരിയുടെ നിവേദനമാണ്.(സ്വഹീഹുൽ ബുഖാരി, കിതാബു ഫർളുൽ ഖംസ്, ഹദീഥ് 3141)

ഹദ്റത്ത് അനസ് വിവരിക്കുന്നു: 'ബദ്ർ യുദ്ധസന്ദർഭത്തിൽ നബി(സ)തിരുമേനി പറഞ്ഞു: അബൂ ജഹ്‌ലിന്റെ സ്ഥിതിയെന്തെന്ന് നോക്കി വരാനാരുണ്ട്? ഉടൻതന്നെ ഹദ്റത്ത് ഇബ്നു മ

സ്ഊദ് പോയി. നോക്കിയപ്പോൾ അഫ്റാഇന്റെ രണ്ടു പുത്രന്മാർ അവനെയതാ വെട്ടിവീഴ്ത്തി കഴിഞ്ഞിരിക്കുന്നു. എന്നിട്ട് അവൻ മരണാസന്നനായിക്കിടക്കുകയാണ്. ഇബ്നു മസ്ഊദ് ചോദിച്ചു: നീ അബൂജഹ്ൽ തന്നെയോ? അതെയെന്ന് അവനുത്തരം നല്കി. അപ്പോൾ ഇബ്നു മസ്ഊദ് അയാളുടെ താടിപിടിച്ചു. അബൂ ജഹ്ൽ ചോദിച്ചു: നിങ്ങളുടെ അഥവാ സ്വജനതയുടെ കൈകൊണ്ട് മരണപ്പെട്ട ഒരു പുരുഷനെക്കാൾ ഉന്നതനായി ആരുണ്ട്? അഹ്മദ് ബിൻ യൂസുഫ് അദ്ദേഹത്തിന്റെ നിവേദനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഇങ്ങനെ പറഞ്ഞു: താങ്കൾത്തന്നെയാണോ അബൂ ജഹ്ൽ? ഇതും ബുഖാരിയിലെ ഹദീഥാണ്. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 3962).

ബുഖാരിയുടെ ഈ ഹദീഥിന്റെ ശറഹിൽ ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ് എഴുതുന്നു:

'ചില നിവേദനങ്ങളിൽ അഫ്റായുടെ രണ്ടുമക്കൾ മുഅവ്വിദും(റ) മുആദും(റ) അബൂജഹ്‌ലിനെ മരണത്തിന്റെ വക്കിലെത്തിച്ചു. പിന്നീട് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) അയാളുടെ തല ഉടലിൽനിന്ന് വേർപെടുത്തി. ബുഖാരി കിതാബുൽമഗാസിയിൽ ഇതുണ്ട്. അല്ലാമ ഇബ്നു ഹജർ അസ്ഖലാനീ, മുആദ് ബിൻ അംറും(റ) മുആദ് ബിൻ അഫ്റായ്ക്കുംശേഷം മഅവ്വിദ് ബിൻ അഫ്റായും അയാളുടെമേൽ ആക്രമണം നടത്തിയിട്ടുണ്ടാകാം എന്ന സംശയം പ്രകടിപ്പിച്ചിട്ടുണ്ട്.(സ്വഹീഹുൽ ബുഖാരി, കിതാബു ഫർളൽ ഖുമുസ്,വാല്യം 5, പേജ് 491 അടിക്കുറിപ്പ്, ഉർദു തർജമ, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്‌വ) ബദ്ർ യുദ്ധത്തിന്റെ അവസരത്തിൽ അബൂജഹ്‌ലിന്റെ വധത്തിൽ ആരൊക്കെയാണ് പങ്കെടുത്തത്. ഇതുസംബന്ധമായ വിശദീകരണം ഒരു സ്ഥലത്ത് ഇങ്ങനെ ലഭിക്കുന്നുണ്ട്.

ഇബ്നു ഹിശാം അല്ലാമ ഇബ്നു ഇസ്ഹാഖിൽ നിന്ന് നിവേദനം: മുആദ് ബിൻ അംറ് ബിൻ ജമൂഹ് അബൂ ജഹ്‌ലിന്റെ കാലു മുറിച്ചു. അതിന്റെ ഫലമായി അയാൾ വീണു. ഇക്രിമ ബിൻ അബൂജഹ്ൽ ഹദ്റത്ത് മുആദിന്റെ കൈയിൽ വെട്ടി. അതിന്റെ ഫലമായി ആ കൈ അല്ലെങ്കിൽ ഭുജം വേർപ്പെട്ടു. പിന്നീട് മുഅവ്വിദ് അഫ്റാഅ്, അബൂജഹ്‌ലിനുമേൽ ആക്രമണം നടത്തി. അതിന്റെ ഫലമായി അയാൾ താഴെ വീണു. അയാളിൽ ജീവന്റെ കുറച്ച് തുടിപ്പ് ബാക്കിയുണ്ടായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അയാളുടെ തല ശരീരത്തിൽനിന്ന് വേർപ്പെടുത്തി. നബി(സ)തിരുമേനി അദ്ദേഹത്തോടു വധിക്കപ്പെട്ടവരെ കുറിച്ച് അന്വേഷിക്കാൻ കല്പന നല്കിയിരുന്നു. അതായത് അബൂജഹ്‌ലിനെ വധിക്കപ്പെട്ടവരിൽ തിരയാൻ അദ്ദേഹത്തോടു നബി(സ)തിരുമേനി കല്പിച്ചിരുന്നു. ആ നേരത്താണ് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് അയാളുടെ തല ഉടലിൽനിന്ന് വേർപെടുത്തിയത്. സ്വഹീഹ് മുസ്‌ലിമിന്റെ ഹദീഥ് അനുസരിച്ച് അഫ്റായുടെ രണ്ടു മക്കളാണ് അബൂ ജഹ്‌ലിനുമേൽ ആക്രമണം നടത്തിയത്; അയാൾ മരിക്കുകയും ചെയ്തു. ഇപ്രകാരം ബുഖാരിയിൽ ബാബ് ഖത്‌ലെ അബീ ജഹ്‌ലിലും ഇങ്ങനെതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇമാം ഖുർത്വബിയുടെ പക്കൽ അഫ്റായുടെ രണ്ടുമക്കളാണ് അബൂജഹ്‌ലിനെ കൊന്നത് എന്നത് സംശയാസ്പദമാണ്. അദ്ദേഹം പറയുന്നത് ചില നിവേദകന്മാർക്ക് മുആദ് ബിൻ അംറ് ബിൻ ജുമൂഹ് സദൃശമാക്കപ്പെട്ടുവെന്നാണ്. അതായത് മുആദ് ബിൻ അഫ്റായ്ക്കുപകരം അദ്ദേഹം മുആദ് ബിൻ അംറ് ബിൻ ജമൂഹ് ആയിരുന്നു. അദ്ദേഹത്തെ ആളുകൾ മുആദ് ബിൻ അഫ്റായെന്ന് മനസ്സിലാക്കി. പറയുന്നു: മുആദ് ബിൻ അംറ് ബിൻ ജമൂഹ്(റ), മുആദ് ബിൻ അഫ്റായ്ക്കൊപ്പം സദൃശമാക്കപ്പെട്ടു. അല്ലാമ ഇബ്നു അൽജൂദി പറയുന്നു: മുആദ് ബിൻ ജമൂഹ്(റ), അഫ്റായുടെ മക്കളിൽപ്പെട്ടയാളല്ല. മുആദ് ബിൻ അഫ്റാ അബൂ ജഹ്‌ലിനെ വധിക്കുന്നവരിൽപ്പെട്ടയാളായിരുന്നു. ഒരു പക്ഷേ, മുആദ് ബിൻ അഫ്റായുടെ ഏതെങ്കിലും സഹോദരനോ പിതൃസഹോദരനോ ആ നേരത്ത് അവിടെ ഉണ്ടാകും. അല്ലെങ്കിൽ നിവേദനത്തിൽ അഫ്റായുടെ ഒരു മകനെക്കുറിച്ച് പറഞ്ഞിട്ടുണ്ടാകും. നിവേദകൻ രണ്ടുപേരെന്ന് തെറ്റായിട്ട് പറഞ്ഞതാകും. എന്തായാലും അബൂ ഉമർ പറയുന്നു:ഈ നിവേദനത്തെ അപേക്ഷിച്ച് ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ നിവേദനും കൂടുതൽ ശരിയാണ്. അതിൽ ഇബ്നു അഫ്റാ അബൂജഹ്‌ലിനെ വധിച്ചുവെന്നാണ്. അതായത് അഫ്റായുടെ ഒരു മകനായിരുന്നു. ഇബ്നു ഹീൻ പറയുന്നത്, രണ്ടു മുആദുമാരും അതായത് മുആദ് ബിൻ അംറ് ബിൻ ജമൂഹും മുഹമ്മദ് ബിൻ അഫ്റാളും ഉമ്മയുടെ ഭാഗത്തു നിന്നുള്ള സഹോദരന്മാരുമാകാം. അല്ലെങ്കിൽ ഇരുവരും മുലകുടിബന്ധത്തിൽ സഹോദരന്മാരാകാം. അല്ലാമ ദാവൂദി അഫ്റായുടെ രണ്ടു മക്കൾ കൊണ്ടുള്ള ഉദ്ദേശ്യം സഹ്‌ലും സുഹയ്‌ലുമാണെന്ന് പറയുന്നു. അവർ ഇരുവരും മുഅവ്വിദും മുആദുമാണെന്ന് പറയപ്പെടുന്നു. (ഉംദത്തുൽഖാരി, വാല്യം 15, പേജ് 100–101, പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത്)

എന്തായാലും ഈ നിവേദനം പറയുന്നത് മൂന്നുപേർ വധച്ചുവെന്നാണ്. ചിലർ പറയുന്നത് രണ്ടുപേരാണെന്നാണ്. അവരിൽ ഹദ്റത്ത് മുആദ് ബിൻ ഹാരിഥും(റ) ഉള്ളതായി അറിയാൻ കഴിയുന്നു. ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ബദ്ർ യുദ്ധത്തിലെ അവസ്ഥകൾ എഴുതിയിട്ടുണ്ട്. അതിൽ അബൂജഹ്‌ലിന്റെ വധത്തെ സംബന്ധിച്ചും എഴുതിയിട്ടുണ്ട്. അതിങ്ങനെയാണ്:

രണാങ്കണത്തിൽ ചോരപ്പുഴയായിരുന്നു. മുസ്‌ലിമീങ്ങളുടെ മുമ്പിൽ അവരെക്കാൾ മൂന്നിരട്ടി വരുന്ന സംഘമായിരുന്നു. അവർ എല്ലാവിധ ആയുധത്തോടുംകൂടി ഇസ്‌ലാമിന്റെ പേരും അടയാളവുംപോലും ഉന്മൂലനം ചെയ്യണം എന്നുദ്ദേശ്യത്തോടെ നില്പുണ്ടായിരുന്നു. എണ്ണത്തിൽ കുറവ്, സാധനസാമഗ്രികൾ കുറവ്, ദാരിദ്ര്യത്തിന്റേയും രാജ്യം നഷ്ടപ്പെട്ടതിന്റേയും ദുഃഖത്തിൽ വിഷമിച്ചുകൊണ്ടുനിന്ന പാവപ്പെട്ട മുസ്‌ലിമീങ്ങൾ ബാഹ്യമായ സാധനങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മക്കക്കാരുടെ മുമ്പിൽ കുറച്ചു മിനിറ്റുകളുടെ ഇരയായിരുന്നു. എന്നാൽ, തൗഹീദിനോടും നുബവ്വത്തിനോടുമുള്ള സ്നേഹം അവരെ ഉന്മത്തരാക്കി തീർത്തിരുന്നു. അവരെക്കാൾ വലിയ ശക്തി ലോകത്ത് വേറെയില്ലെന്ന് അവർക്കു തോന്നി. അതായത് ജീവസുറ്റ ഈമാൻ അവരുടെ ഉള്ളിൽ ഒരു അമാനുഷിക ശക്തി നിറച്ചു. അവർ ആ നേരത്ത് യുദ്ധമൈതാനിയിൽ ദീനീസേവനത്തിന്റെ അതുല്യമായ മാതൃക കാഴ്ചവെക്കുകയായിരുന്നു. ഓരോരുത്തരും മത്സരിച്ച് ചുവടു വെക്കുകയായിരുന്നു. അല്ലാഹുവിന്റെ വഴിയിൽ ജീവൻ നല്കാൻ വെമ്പൽകൊള്ളുന്നതായി കാണാമായിരുന്നു. ഹംസയും അലിയും സുബയ്റും ശത്രുക്കളുടെ അണികളെ ഭേദിച്ചുവെച്ചു. അൻസ്വാറിന്റെ ആത്മാർഥതയുടെ ആവേശം എന്തായിരുന്നുവെന്നാൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് (റ)നിവേദനം: 'ഞാൻ ബദ്ർ യുദ്ധത്തിൽ അണിയിൽ നില്ക്കുകയായിരുന്നു. ഞാൻ എന്റെ ഇടവും വലവും ദൃഷ്ടിപായിച്ചപ്പോൾ എന്താണ് കാണുന്നത്? ചെറുപ്രായത്തിലുള്ള രണ്ടു അൻസ്വാരി കുട്ടികൾ! ഇവരെക്കാൾ കൂടുതൽ യുവത്വമുള്ളവരുടേയും ചുറുചുറുക്കുള്ളവരുടേയും ഇടയിലായിരുന്നു ഞാനെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി! ഇത്രയുമായപ്പോൾ അവരിലൊരാൾ എന്റെ കൈ അമർത്തിക്കൊണ്ടു ചോദിച്ചു: പിതൃവ്യാ! അങ്ങ് അബൂജഹ്‌ലിനെ തിരിച്ചറിയുമോ? ഞാൻ പറഞ്ഞു, അറിയും! അറിഞ്ഞതുകൊണ്ട് നിങ്ങൾക്കെന്താണ് ചെയ്യാൻ കഴിയുക? അവൻ പറഞ്ഞു, നബി(സ)തിരുമേനിയെ അയാൾ ചീത്തവിളിക്കാറുണ്ടെന്ന് എന്നോടു പറയപ്പെട്ടിട്ടുണ്ട്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണേ! ഞാൻ അയാളെ കണ്ടാൽ ഞങ്ങളിരുവരിൽ കാലം മുമ്പേ വിധിക്കപ്പെട്ടിട്ടുള്ള അയാൾ മരിക്കുവോളം എന്റെ കണ്ണ് അയാളുടെ കണ്ണിൽനിന്ന് വേറിടുകയില്ല. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് പറഞ്ഞു: ഞാൻ അതുകേട്ട് അത്ഭുതപ്പെട്ടു. പിന്നീട് രണ്ടാമത്തയാൾ എന്റെ കൈ അമർത്തി. അവനും എന്നോടു അങ്ങനെതന്നെ ചോദിച്ചു. അല്പം സമയമേ കഴിഞ്ഞിട്ടുണ്ടാകുകയുള്ളൂ ഞാൻ അബൂ ജഹ്ൽ ജനങ്ങളിൽ ചുറ്റിക്കറങ്ങുന്നതുകണ്ടു. ഞാൻ പറഞ്ഞു, നിങ്ങൾ എന്നോടു ചോദിച്ച നിങ്ങളുടെ കൂട്ടുകാരൻ അയാളാണ്. ഇതുകേട്ടപാടെ അവരിരുവരും തങ്ങളുടെ വാളുകളെടുത്തു. അയാളിലേക്ക് ചാടിവീഴുകയും ഇരുവരും ആക്രമിച്ച് അയാളെ വധിക്കുകയും ചെയ്തു. അയാൾ നിലംപൊത്തിവീണു. ഇക്രിമ ബിൻ അബൂജഹ്‌ലും തന്റെ പിതാവിനോടൊപ്പമുണ്ടായിരുന്നു. അയാൾക്ക് തന്റെ പിതാവിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. അയാൾ പിന്നിൽനിന്ന് മുആദിനെ വെട്ടി. അതുകൊണ്ട് അദ്ദേഹത്തിന്റെ ഇടത്തെ ഭുജം മുറിഞ്ഞ് തൂങ്ങിക്കിടന്നു. ഇക്രിമയെ മുആദ്(റ) പിൻതുടർന്നു. എന്നാൽ, അയാൾ രക്ഷപ്പെട്ടുപോയി. മുറിവേറ്റ് തൂങ്ങിക്കിടന്ന ഭുജം പോരാട്ടത്തിന് തടസമാകുമെന്ന് കണ്ട് മുആദ് ശക്തമായി വലിച്ച് അത് ശരീരത്തിൽനിന്ന് വേർപെടുത്തി. വീണ്ടും യുദ്ധം ചെയ്യാൻ തുടങ്ങി.(സീറത്തു ഖാത്തമുന്ന


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ബിയ്യീൻ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ്(റ) സാഹിബ് എം.എ, പേജ് 362)

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു;

"അബൂജഹൽ ജനിച്ചപ്പോൾ ഒട്ടകങ്ങളെ അറുത്ത് ആഴ്ചകളോളം മാംസം വിതരണം ചെയ്തിരുന്നു. അയാളുടെ ജനന ദിവസം മക്കയുടെ അന്തരീക്ഷം ദഫ് മുട്ടിന്റെ ധ്വനിയാൽ മുഖരിതമായിരുന്നു. അങ്ങനെയുള്ള അബൂജഹ്ൽ ബദ്ർ യുദ്ധത്തിൽ വധിക്കപ്പെടുമ്പോൾ പരിക്കേൽപ്പിച്ചത് പതിനഞ്ചു വയസ്സുള്ള രണ്ട് അൻസ്വാരി ബാലന്മാരായിരുന്നു. ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു; യുദ്ധം കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞു പോകുമ്പോൾ പരിക്കേറ്റവരെ നോക്കുവാനായി ഞാൻ മൈതാനത്തു പോയി. യുദ്ധമൈതാനിയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഞരങ്ങുന്ന അബൂജഹ്‌ലിനെ ഞാൻ കണ്ടു. ഞാൻ അടുത്തെത്തിയപ്പോൾ അയാൾ എന്നോട് പറഞ്ഞു: 'ഞാനിനി രക്ഷപ്പെടുമെന്നു തോന്നുന്നില്ല. നീ മക്കക്കാരനാണല്ലോ അതുകൊണ്ട് എനിക്കീ പ്രയാസത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് നീ എന്നെ വധിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ അറേബ്യയുടെ നേതാവാണെന്ന കാര്യം നിനക്കറിയാമല്ലോ. അറേബ്യൻ സമ്പ്രദായമനുസരിച്ച് നേതാക്കളുടെ കഴുത്ത് നീട്ടിയാണ് മുറിക്കുക. വധിക്കപ്പെടുന്നയാൾ നേതാവാണെന്നുള്ളതിന്റെ അടയാളമാണത്. അതുകൊണ്ട് എന്റെ കഴുത്തു നീട്ടി മുറിക്കുക.' ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: ഞാൻ അയാളോടു 'നിന്റെ അവസാനത്തെ ആഗ്രഹംപോലും പൂർത്തിയാക്കപ്പെടുകയില്ല' എന്നു പറഞ്ഞ് അയാളുടെ താടിയോട് ചേർത്തു മുറിച്ചു. അബൂജഹലിന്റേത് എത്ര നിന്ദ്യമായ പര്യവസാനമായിരുന്നു. തന്റെ ജീവിതകാലത്ത് എപ്പോഴും കഴുത്തുയർത്തി നടന്നിരുന്ന അബൂജഹ്‌ലിന്റെ കഴുത്ത് താടിയോട് ചേർത്തു മരണസമയത്ത് മുറിക്കപ്പെട്ടു. അവസാനത്തെ ആഗ്രഹം പോലും നിറവേറ്റപ്പെട്ടില്ല. (തഫ്സീർ കബീർ വാല്യം 7, പേജ് 101)

ഹദ്‌റത്ത് റുബീഅ ബിൻത് മുഅവ്വിദിൽനിന്ന് നിവേദനം. എന്റെ പിതൃസഹോദരൻ ഹദ്‌റത്ത് മുആദ് ബിൻ അഫ്റാ എനിക്ക് അപ്പോൾ പറിച്ചെടുത്ത കുറെ ഈത്തപ്പഴങ്ങൾ തന്നിട്ട് നബി(സ)തിരുമേനിയുടെ സന്നിധിയിൽ അയച്ചു. അപ്പോൾ നബി(സ)തിരുമേനി എനിക്കു ആഭരണം തന്നു. അത് ബഹ്റയ്ൻ ഭരണാധികാരി നബിയ്ക്ക് സമ്മാനം നല്കിയതായിരുന്നു. മറ്റൊരു നിവേദനത്തിലുണ്ട്: ഹദ്‌റത്ത് റുബീഅ ബിൻത് മുഅവ്വിദിൽനിന്ന് നിവേദനം, എന്റെ പിതൃസഹോദരൻ ഹദ്‌റത്ത് മുആദ് എന്റെ കൈയിൽ ഒരു ഉപഹാരം നബി(സ)തിരുമേനിക്ക് തന്നയച്ചു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് ആഭരണം നല്കി. അത് ബഹ്റയ്ൻ ഭരണാധികാരിയിൽനിന്ന് നബിയ്ക്ക് കിട്ടിയതായിരുന്നു. അല്ലാമ ഇബ്നു അഥീർ എഴുതുന്നു, ബഹറയ്നിലെ ഭരണാധികാരിയും മറ്റു രാജാക്കന്മാരും ഇസ്‌ലാമിന് വിജയങ്ങളുണ്ടായതിനുശേഷമാണ് ഉപഹാരങ്ങൾ നല്കിയിരുന്നത്. അവിടന്ന് രാജാക്കന്മാരുടെ പേരിൽ പ്രബോധനകത്തുകൾ എഴുതിയിരുന്നു. അവർക്ക് ഉപഹാരങ്ങളും അയച്ചിരുന്നു. അപ്പോൾ അവരും കത്തുകളെഴുതുകയും ഉപഹാരങ്ങൾ അയക്കുകയും ചെയ്തിരുന്നു.(ഉസുദുൽഗാബ വാല്യം 5, പേജ് 192, 'ഹദ്‌റത്ത് മുആദ് ബിൻ അൽഹാരിഥ് ബിൻ രിഫാഅ' ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2003)

ഹദ്‌റത്ത് മുആദ് ബിൻ ഹാരിഥ് നാലു വിവാഹം കഴിച്ചിരുന്നു. അതിന്റെ വിശദീകരണം ഇങ്ങനെയാണ്. ഹബീബ ബിൻത് ഖയ്സ്, അവരിൽനിന്ന് ഒരു മകൻ ഉബയ്ദുല്ലാഹ് ജനിച്ചു. രണ്ടാമത് വിവാഹം കഴിച്ചത് ഉമ്മു ഹാരിഥ് ബിൻത് സബ്റയെയായിരുന്നു. അവരിൽനിന്ന് ഔഫ്, സൽമാ, ഉമ്മു അബ്ദുല്ലാഹ്, റംല എന്നിവർ ജനിച്ചു. ഉമ്മു അബ്ദുല്ലാ ബിൻത് നുമയ്ർ മൂന്നാമത്തെ ഭാര്യയായിരുന്നു. അവരിൽനിന്ന് ഇബ്‌റാഹീമും ആഇശായും ജനിച്ചു. ഉമ്മു ഥാബിത് റംല ബിൻത് ഹാരിഥ് ആയിരുന്നു നാലാമത്തെ ഭാര്യ. അവരിൽനിന്നാണ് സാറ ജനിച്ചത്.(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 373–374, 'ഹദ്‌റത്ത് മുആദ് ബിൻ അൽഹാരിഥ്' ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 1990)

അല്ലാമ ഇബ്നു അഥീർ തന്റെ ഗ്രന്ഥമായ ഉസുദുൽഗാബയിൽ ഹദ്‌റത്ത് മുആദിന്റെ മരണത്തെ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു വിവരണമനുസരിച്ച് ഹദ്‌റത്ത് മുആദിന് ബദ്ർ യുദ്ധത്തിൽ പരിക്കുപറ്റുകയും മദീനയിൽ തിരിച്ചെത്തിയതിനുശേഷം ആ പരിക്കുകാരണമായി മരണമടയുകയും ചെയ്തു. അദ്ദേഹം ഹദ്‌റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തു കാലം വരെ ജീവിച്ചിരുന്നു എന്നും പറയപ്പെടുന്നു. മറ്റൊരു അഭിപ്രായത്തിൽ അദ്ദേഹം ഹദ്‌റത്ത് അലി(റ)യുടെ ഖിലാഫത്തുകാലംവരെ ജീവിച്ചു. ഹദ്‌റത്ത് അലിയും ഹദ്‌റത്ത് മുആവിയായും തമ്മിൽ നടന്ന സിഫ്ഫീൻ യുദ്ധത്തിനിടയ്ക്കാണ് സംഭവിച്ചതെന്നാണ് മറ്റൊരു അഭിപ്രായം. ഹിജ്‌രി 36,37 ലാണ് സിഫ്ഫീൻ യുദ്ധമുണ്ടായത്. ഹദ്‌റത്ത് മുആദ് ഹദ്‌റത്ത് അലി(റ)യുടെ ഭാഗത്തുനിന്നാണ് ആ യുദ്ധത്തിൽ പങ്കെടുത്തത്. (അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് ഭാഗം 3, പേജ് 1409–1410, ഹദ്‌റത്ത് മുആദ്സബിൻ അഫ്റാ, ദാറുൽജീൽ ബേറൂത്ത്)

എന്തായാലും അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങളുണ്ട്. ചിലതിൽനിന്ന് മനസ്സിലാകുന്നത് ഇദ്ദേഹം അദ്ദേഹംതന്നെയാണെങ്കിൽ അദ്ദേഹത്തിന്റെ സന്താനങ്ങളേയും ഭാര്യമാരേയും നോക്കുമ്പോൾ അദ്ദേഹം ദീർഘായുസ്സ് പ്രാപിച്ചിട്ടുണ്ട്.

ഈ സ്വഹാബിയെ സ്മരിച്ചതിനുശേഷം, ഇനി ഞാൻ ബഹുമാന്യ ഫിറോസ് ദീൻ മുൻശീ സാഹിബിന്റെ മകൻ ബഹുമാന്യ റാണാ നയീമുദ്ദീൻ സാഹിബിനെ അനുസ്മരിക്കുകയാണ്. അദ്ദേഹം 2020 ഏപ്രിൽ 9 ന് വഫാത്തായി.*ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* ദീർഘകാലമായി അദ്ദേഹം സുഖമില്ലാതിരിക്കുകയായിരുന്നു. വിവിധ രോഗങ്ങളാൽ അദ്ദേഹം പലപ്പോഴും ആശുപത്രിയിൽപോയിരുന്നു. ഇപ്പോൾ അവസാന സമയമാണെന്ന് ഡോക്ടർമാർ പറയാറുണ്ടായിരുന്നു. പക്ഷേ, പിന്നെയും അല്ലാഹു ഫള്ൽ ചെയ്യുകയും രോഗം ഭേദമായി തിരിച്ചുവരികയും നടക്കാൻ കഴിയുമ്പോൾ ഇവിടെ മസ്ജിദിൽ വരികയും ചെയ്തിരുന്നു. എന്തായാലും ജീവനെടുത്ത ഈ അവസാന രോഗം ബാധിക്കുകയും അദ്ദേഹം ഇഹലോക വാസം വെടിയുകയും ചെയ്തു.

റാണാ സാഹിബിന്റെ ജനനം രേഖകൾ അനുസരിച്ച് 1934–ൽ ആയിരുന്നു. ചില നിവേദനങ്ങളനുസരിച്ച് 1930 അല്ലെങ്കിൽ 32 ആകുന്നു. എന്തായാലും രേഖകൾ പറയുന്നത് 1934–ലാണ് ജനിച്ചതെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 86 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് മുളച്ചത് അദ്ദേഹത്തിന്റെ പിതാവ് ബഹുമാന്യ ഫിറോസ് ദീൻ സാഹിബ് മുഖേനയായിരുന്നു. അദ്ദഹം 1906–ൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് കത്തുമുഖേന ബയ്അത്തു ചെയ്തു. പിന്നീട് ഇന്ത്യാ വിഭജനത്തിനുശേഷം ഹിന്ദുസ്താനും പാക്കിസ്താനും വേർപെട്ടപ്പോൾ ഈ കുടുംബം പാക്കിസ്താനിൽ ഷിഫ്റ്റായി. ആദ്യം ലാഹോറിലായിരുന്നു താമസം. പിന്നീട് 1984–ൽ റാണാ സാഹിബ് റബ്‌വയിൽ വന്നു. തുടർന്ന് അദ്ദേഹം 'ഫുർഖാൻ ബറ്റാലിയനിൽ' തന്നെ സമർപ്പിച്ചു. ഫുർഖാൻ ബറ്റാലിയനുശേഷം ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) റാണാ സാഹിബിനെ മീർപൂർ ഖാസിന്റെ അടുത്തുള്ള കൃഷിയിടങ്ങളിൽ അയച്ചു. അവിടെ അദ്ദേഹം കുറച്ചുകാലം കഴിഞ്ഞു. വസിയ്യത്ത് വ്യവസ്ഥിതിയിൽ വളരെ മുമ്പേ ചേർന്നിരുന്നു. 1951 ലാണ് അദ്ദേഹം വസിയ്യത്ത് ചെയ്തത്. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് സാറാ പർവീൻ എന്നായിരുന്നു. അവർ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ചൗദരീ ദൗലത്ത് ഖാൻ സാഹിബിന്റെ പൗത്രിയായിരുന്നു. പിന്നീട് അദ്ദേഹത്തെ കുറിച്ചുള്ളത് ഓഫീസ് റെക്കോർഡാണ്. ഓഫീസ് ഓർഡറിന്റെ രജിസ്ട്രായ 'അമല ഹിഫാള്വത്തെ ഖാസ്' അനുസരിച്ച് റാണാ നയീമുദ്ദീൻ സാഹിബ് 1954–ൽ റിസർവ് ഓൺ ഡ്യൂട്ടി എന്ന നിലയിൽ നിയമിതനായി. അതിനുശേഷം 1955 നവംബർ മുതൽ 1959 മെയ് 11 വരെ 'അമല ഹിഫാള്വത്തെ ഖാസി'ൽ ഗാർഡായിരുന്നു. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തഫ്സീറിന്റെ ജോലി സംബന്ധമായി നഖ്‌ല, ജാബഃ എന്നീ സ്ഥലങ്ങളിൽ പോകുകയും പല മാസങ്ങൾ അവിടെ താമസിക്കുകയും ചെയ്തപ്പോൾ സുരക്ഷാചുമതലയും ജനറേറ്ററിന്റെ സംരക്ഷണ ചുമതലയും അദ്ദേഹത്തിനായിരുന്നു. അവിടെ വൈദ്യുതി ഉണ്ടായിരുന്നില്ല. ഡീസലിന്റെ ജനറേറ്ററാണ് ഉപയോഗിച്ചിരുന്നത്. പൊതുവെ ഈയൊരു ചെറിയ സ്ഥലം ജനവാസമുള്ളതാക്കപ്പെട്ടു. അവിടുത്തെ ആളുകളുടെ മേൽനോട്ടവും ഇദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു. വസിയ്യത്ത് ഓഫീസിലെ റെക്കോർഡ് പ്രകാരം 1978–ൽ അമല ഹിഫാള്വത്തിൽ(സുരക്ഷ ഉദ്യോഗസ്ഥർ)നിന്ന് അദ്ദേഹം വിരമിച്ചു. പിന്നീട് സാഹീവാൽ ജില്ലയിലെ ഹഡ്പ്പയിൽ പോയി. അ


**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ഹദീഥുന്നബ്‌വി (സ):**

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

വിടെ മസ്ജിദിൽ മസ്ജിദ് ഖാദിമായി സേവനം ചെയ്തുപോന്നു. അതിനിടയിൽ 1984 ഒക്ടോബറിൽ സാഹീവാളിലെ അഹ്മദിയ്യാ ബയ്ത്തുദ്ദിക്റിനു നേരെ എതിരാളികളുടെ ആക്രമണമുണ്ടായി. സെക്യൂരിറ്റി ഡ്യൂട്ടിയിലായിരുന്നതിനാൽ അദ്ദേഹം മറുപടിയായി തിരിച്ചടിച്ചു. റാണാ നയീമുദ്ദീൻ സാഹിബിന്റെ കൂടെ പതിനൊന്നു പേർക്കെതിരെ കേസ് ഫയൽ ചെയ്തു. ഇപ്രകാരം റാണാസാഹിബിന് 1984 ഒക്ടോബർ 26 മുതൽ 1994 മാർച്ചുവരെ 'അസീറാനെ രാഹെ മൗലാ' ആയിരിക്കാനും ഭാഗ്യമുണ്ടായി.

പോലീസുകാർ അക്രമികൾക്കെതിരെ കേസെടുക്കുന്നതിനുപകരം നമ്മുടെ അംഗങ്ങൾക്കെതിരെയാണ് കേസെടുത്തത്. ഇവരെ ശിക്ഷിക്കുകയും ചെയ്തു. ഈ കേസ് മിലിട്ടറി കോടതിക്ക് refer ചെയ്യപ്പെട്ടു. സിയാഉൽ ഹഖിന്റെ കാലത്തെ പ്രത്യേക കോടതിയായിരുന്നു ഇത്. 1985 ഫെബ്രുവരി 16 മുതൽ പതിവായി വിചാരണ നടന്നു. 1985 ജൂൺ 1 വരെ ഇതു തുടർന്നു. ഇതിൽ ആദ്യം 11 പേരാണ് ഉണ്ടായിരുന്നത്. പക്ഷേ, പിന്നീട് 7 പേരുടെ വിധി–അവരിൽ റാണാ നയീമുദ്ദീൻ സാഹിബുമുണ്ടായിരുന്നു, pending ൽ വെക്കപ്പെട്ടു. രണ്ടുപേർ വിദേശത്തു പോയി. രണ്ടുപേരെ മോചിപ്പിച്ചു. ഈ ഏഴു പേരുടെ കാര്യം പെന്റിംഗിലായിരുന്നു. പിന്നീട് അതേ കോർട്ട്–അത് സ്പെഷ്യൽ മിലിട്ടറി കോർട്ടായിരുന്നു, കോടതി ജമാഅത്തിന്റെ മുറബ്ബിയായ ഇൽയാസ് മുനീർ സാഹിബിനും റാണാ നയീമുദ്ദീൻ സാഹിബിനുമെതിരെ വധശിക്ഷയും ബാക്കിയുള്ള 5 പേർക്ക് 25, 25 വർഷം വീതം തടവും വിധിച്ചു. ഈ വിധിക്കെതിരെ പോയ അപ്പീലിൽ ലാഹോർ ഹൈക്കോടതി 1994 മാർച്ചിൽ മോചിപ്പിക്കാൻ ഉത്തരവിട്ടു. കടലാസുകളെല്ലാം പൂർത്തിയായതോടെ 1994 മാർച്ച് 19ന് അവരുടെ മോചനം നിലവിൽവന്നു. ഇപ്രകാരം നമ്മുടെ ഈ തടവുകാർക്ക് ഒമ്പതര വർഷം ദൈവമാർഗത്തിൽ തടവ് അനുഭവിക്കാനുള്ള സൗഭാഗ്യമുണ്ടായി. ഹൈക്കോടതിയുടെ ഈ വിധിക്കെതിരെ എതിരാളികൾ സുപ്രീം കോടതിയിൽ അപ്പീൽ പോയി. അതിന്റെ വിചാരണ 2013 മെയ് മാസത്തിൽ തുടങ്ങി. രണ്ടുപേർ വിദേശത്തായിരുന്നു. പിന്നീട് അവരുടെപേരിൽ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇപ്പോഴും ആ കേസ് പെന്റിംഗിലാണ്.

തടവുകാലത്ത് പോലീസുകാർ 'നിങ്ങൾ നിങ്ങളുടെ ഖലീഫയുടെ ബോഡി ഗാർഡ് ആയിരുന്നു അതുകൊണ്ട് ഖലീഫ നിങ്ങളെ ഇത്തരത്തിൽ മുസ്‌ലിമീങ്ങളെ വധിക്കാൻ വിട്ടതാണ്' എന്നു പറഞ്ഞ് അവരിൽനിന്ന് ബലപ്രയോഗത്തിലൂടെ മൊഴിയെടുക്കാൻ ശ്രമിച്ചു. ഈ കേസിൽ നിന്ന് മോചിതനായ ശേഷം 1994 ൽ റാണാ നയീമുദ്ദീൻ സാഹിബ് ലണ്ടനിൽ താമസമാക്കി. ഇവിടെയും അദ്ദേഹം സുരക്ഷാ സംഘത്തിൽ പ്രായം പരിഗണിക്കാതെ വലിയ തോതിൽ ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്നു. 2010 ൽ അദ്ദേഹത്തിന്റെ മൂത്തമകൾ വഫാത്തായി. അതു കഴിഞ്ഞ് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും ഇഹലോകവാസം വെടിഞ്ഞു. പിന്നീട് അദ്ദേഹം എന്നോടു പാക്കിസ്താനിൽ പോകാൻ ചോദിച്ചിരുന്നു. ബാഹ്യമായി നോക്കുമ്പോൾ അവസ്ഥകൾ വളരെ കഠിനതരമായിരുന്നു. എങ്കിലും പോയി പെട്ടെന്ന് വരാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം പോകുകയും വേഗം തിരിച്ചുവരികയും ചെയ്തു.

പരേതന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ പിൻഗാമികളായി ഒരു മകനും നാലു പെൺമക്കളുമാണുള്ളത്. അദ്ദേഹത്തിന്റെ മകൻ റാണാ വസീം അഹ്മദ് വാഖ്ഫെ സിന്ദഗിയാണ്. പ്രൈവറ്റ് സെക്രട്ടറി യു.കെ.യുടെ ഓഫീസിൽ ജോലി ചെയ്തു വരുന്നു. നാലു പെൺമക്കളും ലണ്ടനിൽത്തന്നെയാണ് താമസിക്കുന്നത്. അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: 'ഖിലാഫത്തിനോടു അള്ളിപ്പിടിച്ചിരിക്കണമെന്നും എല്ലാം ഖിലാഫത്തുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നതെന്നുമുള്ള പാഠമാണ് ഞങ്ങളുടെ പിതാവ് ഞങ്ങൾക്ക് എപ്പോഴും നല്കിയിട്ടുള്ളത്. അദ്ദേഹംതന്നെയും ഖിലാഫത്തിൽ അനുരക്തനായിരുന്നു. അദ്ദേഹം പറയുമായിരുന്നു, ഞാൻ ഡ്യൂട്ടിയിൽ പോകുകയും ഖലീഫത്തുൽ മസീഹിനെ കാണുകയും ചെയ്യുമ്പോൾ യുവാവായി മാറുന്നു. ഞാൻ ഈ പ്രായത്തിലും ഡ്യൂട്ടി നല്കുന്നതിന്റെ ആരോഗ്യരഹസ്യവും ഇതുതന്നെയാണ്. ഇല്ലെങ്കിൽ ഞാൻ രോഗശയ്യയിലായിപ്പോകുമായിരുന്നു. സമയനിഷ്ഠ കൃത്യമായി പാലിക്കുന്ന ആളായിരുന്നു. ഡ്യൂട്ടിയ്ക്കുപോകാൻ രണ്ടുമൂന്നു മണിക്കൂർമുമ്പേ തയ്യാറാകുമായിരുന്നു. അബ്ബു, ഇനിയും സമയമുണ്ടെന്ന് ഞാൻ പറഞ്ഞാൽ, വീട്ടിലിരുന്നിട്ട് എന്തുചെയ്യനാണെന്ന് ചോദിക്കുമായിരുന്നു.'

ഹിശാം ഡോക്ടറും എഴുതിയിരിക്കുന്നു: 'ഞാൻ അദ്ദേഹത്തിന്റെ രോഗവിവരങ്ങൾ അടങ്ങുന്ന കടലാസുകൾ കണ്ടു. ഫൈൽ കണ്ടു. അതു വായിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഈ രോഗമുള്ള ആളുകൾ വീട്ടിലിരിക്കുകയാണ് പതിവ്. ഇല്ലെങ്കിൽ കെയർഹോമി(care home)ൽ പോകുന്നു. പക്ഷേ, ഇദ്ദേഹം നടക്കുകയും ചുറ്റിക്കറങ്ങുകയുമൊക്കെ ചെയ്യുന്നു. താൻ വരികയും ഖലീഫത്തുൽ മസീഹിന്റെ അടുത്തും അദ്ദേഹത്തിന്റെ സൽസംഗത്തിലും ഇരിക്കുകയും ചെയ്യുന്നതാണ് തന്റെ ആരോഗ്യത്തിന്റെ രഹസ്യമെന്ന് അദ്ദേഹം പറയുമായിരുന്നു.' അദ്ദേഹത്തിന്റെ മകൻ റാണ സാഹിബും എഴുതുന്നു: 'അധികവും അദ്ദേഹത്തിന്റെ ശരീരം ഞാൻ തിരുമ്മി കൊടുക്കുമായിരുന്നു. ഒരിക്കൽ ഞാൻ അദ്ദേഹത്തിന്റെ കാല് തിരുമ്മുമ്പോൾ കാൽമുട്ടിൽനിന്ന് ഒരു ചെറിയ ശബ്ദം കേട്ടു. ഇതെന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഒന്നുമില്ല. ഞാൻ കുറച്ചു നിർബന്ധിച്ചപ്പോൾ പറഞ്ഞു: 'ഇത് ജയിലിൽവെച്ച് പരിക്കേറ്റതിന്റെ വേദനയാണ്.' ക്ഷമയും സഹനവും എപ്പോഴും കാണിച്ചിരുന്നു. പാക്കിസ്താനിലെ ജയിലുകളിൽ വളരെ ക്രൂരമായ മർദനമാണ് നടക്കുന്നത്. എന്തായാലും ഇതെല്ലാം അദ്ദേഹം ക്ഷമിച്ചു. പുറത്തിറങ്ങിയിട്ടും അദ്ദേഹത്തിന്റെ സഹനത്തിന്റെ നിലവാരം വളരെ ഉയർന്നതായിരുന്നു. സുഖമില്ലാതായാൽ ആരോടും അങ്ങനെ പറയാറില്ലായിരുന്നു. അൽഹംദുലില്ലാഹ് എനിക്കൊന്നുമില്ലെന്നാണ് പറയാറുണ്ടായിരുന്നത്.

ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ അനുസരണശീലമെന്തായിരുന്നു? പറയുന്നു, ഒരിക്കൽ ഞാൻ പിതാവിന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. എപ്പോഴും ഞാൻ എന്തെങ്കിലും സംഭവം കേൾപിക്കാൻ പറയുമായിരുന്നു. ഒരു ദിവസം പറഞ്ഞു, ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) ജാബഃ, നഖ്‌ല എന്നിവിടങ്ങളിൽ പോയിരുന്നു. തഫ്സീർ എഴുതാനാണ് ഹുദൂർ അവിടെ പോകുന്നത്. ഞാൻ അദ്ദേഹത്തിന്റെ കൂടെപ്പോയിരുന്നു. ഞാൻ മുമ്പേയും പറഞ്ഞതുപോലെ അവിടെവച്ച് ഹുദൂർ ദേഷ്യപ്പെട്ടു. ഖലീഫത്തുൽമസീഹ് ഥാനീ(റ) റാണ നയീമുദ്ദീൻ സാഹിബിനോടു ദേഷ്യപ്പെട്ടു; മസ്ജിദിൽ പോയി ഇസ്തിഗ്ഫാർ ചെയ്യാൻ എന്നോടു പറഞ്ഞു. ഞാൻ മസ്ജിദിൽ പോയി. ജാബേയിൽ പച്ച മണ്ണും കല്ലുംകൊണ്ടുണ്ടാക്കിയ ചെറിയൊരു മസ്ജിദാണ് ഉണ്ടായിരുന്നത്. അതുപോലെതന്നെയായിരുന്നു അങ്കണവും. മസ്ജിദിന്റെ അങ്കണത്തിലിരുന്ന് ഞാൻ ഇസ്തിഗ്ഫാർ ചെയ്യാൻ തുടങ്ങി. കുറേ സമയം കഴിഞ്ഞപ്പോൾ ശക്തമായ പൊടിക്കാറ്റുവീശി. മസ്ജിദിൽനിന്ന് ഇറക്കികെട്ടിയിരുന്ന തണൽവിരിപ്പ് പറന്നുപോയി. അപ്പോൾ ഖലീഫത്തുൽ മസീഹ് ഥാനീ(റ) നയീം സാഹിബ് എവിടെയാണ് പോയതെന്ന് ചോദിച്ചു. അദ്ദേഹത്തെ തിരഞ്ഞ് കുറച്ചാളുകൾ മസ്ജിദിൽ വന്നു. ഹുദൂർ വിളിക്കുന്നുണ്ടെന്ന് അവർ അറിയിച്ചു. ഞാൻ ഹുദൂറിന്റെ മുന്നിൽ ഹാജറായപ്പോൾ അവിടന്ന് പറഞ്ഞു: 'താങ്കൾ അവിടെത്തന്നെ ഇരിക്കുമെന്ന് എനിക്കറിയാമായിരുന്നു. പൊയ്ക്കൊള്ളുക, ഞാൻ താങ്കൾക്ക് മാപ്പുതന്നിരിക്കുന്നു.'

വീണ്ടും അദ്ദേഹത്തിന്റെ ഈ മകൻതന്നെ എഴുതുന്നു: ഖലീഫത്തുൽ മസീഹ് ഥാനീ(റ) തഫ്സീർ എഴുതാൻ തുടങ്ങിയപ്പോൾ പിതാവിന് അദ്ദേഹത്തിന്റെ അടുത്തിരുന്ന് സേവനം ചെയ്യാനുള്ള അവസരം കിട്ടി. ഈ സേവനം എപ്പോഴും വലുതായി പ്രകടിപ്പിക്കാറുണ്ടായിരുന്നു; സന്തോഷം പ്രകടിപ്പിക്കാറുണ്ടായിരുന്നു. തന്റെ സന്തോഷം എല്ലാവരോടും പങ്കുവെക്കുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. എന്നാൽ, ദുഃഖം ആരോടും പറയുകയുമില്ല.

പിന്നീട് അദ്ദേഹത്തിന്റെ സവിശേഷതയെ കുറിച്ച് എഴുതുന്നു: അദ്ദേഹം വാത്സല്യവാനായ പിതാവായിരുന്നു. സത്യസന്ധനായ സുഹൃത്തായിരുന്നു. റാണാ വസീം വഖ്ഫു ചെയ്തപ്പോൾ പറയുന്നു: "എന്റെ വഖ്ഫ് സ്വീകരിക്കപ്പെട്ടപ്പോൾ അദ്ദേഹം എന്നോട് ഒരു ദിവസം പറഞ്ഞു, 'ഇതൊരു വളരെ വലിയ ഉത്തരവാദിത്വമാണ്. എപ്പോഴും തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് നിന്റെ വഖ്ഫ് നിറവേറ്റണം. ആരെങ്കിലും വേദനിപ്പിക്കുകയാണെങ്കിൽത്തന്നെയും തർക്കിക്കാതെ നിശബ്ദനായി പോകണം. എല്ലാ കാര്യവും അല്ലാഹുവിൽ വിടുകയും ക്ഷമിക്കുകയും ചെയ്യണം. ക്ഷമയുടെ കോന്തല ഒരിക്കലും കൈയിൽനിന്ന് വിട്ടുകളയരുത്. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്.'

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

ഇങ്ങനെ ഒരു സുഹൃത്തെന്ന പോലെ എന്നെ ഉപദേശിച്ചിരുന്നു.

വീണ്ടും പറയുന്നു: എന്റെ ഭാര്യയോടും(അതായത് റാണാ സാഹിബിന്റെ മരുമകൾ) വളരെ സ്നേഹത്തോടെ പെരുമാറിയിരുന്നു; മക്കളെക്കാൾ കൂടുതൽ സ്നേഹിച്ചിരുന്നു. റബ്വയിൽ പിതാവിന് ഹദ്റത്ത് അമ്മാജാന്റെ വാതിൽക്കൽ കാവൽക്കാരനാകാനുള്ള അവസരം കിട്ടിയ സംഭവവും അദ്ദേഹം ഒരിക്കൽ എന്നോടു പറഞ്ഞു.

അദ്ദേഹം സ്വയം വസിയ്യത്തു ചെയ്തപ്പോൾ തന്റെ മറ്റു ബന്ധുക്കളോടും വസിയ്യത്ത് ചെയ്യാൻ ഉപദേശിച്ചു. ചന്ദകൾ കൃത്യമായി കൊടുക്കാറുണ്ടായിരുന്നു. ഓരോ മാസത്തിന്റേയും ആദ്യദിവസംതന്നെ ചന്ദ നല്കുമായിരുന്നു. അതിനുശേഷമേ മറ്റു ചെലവുകൾ നടത്തിയിരുന്നുള്ളു. രഹസ്യമായി ധാരാളമാളുകളെ സഹായിച്ചിരുന്നു. ഒരിക്കലും ആരോടും അത് പറയുമായിരുന്നില്ല.

അദ്ദേഹത്തിന്റെ പെൺമക്കൾ പറയുന്നു: ഖിലാഫത്തിനോടു അബ്ബാജാനുള്ള ബന്ധം കാണുമ്പോൾ ഞങ്ങൾക്ക് അസൂയ ഉണ്ടാകുമായിരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹം അദ്ദേഹത്തിന്റെ നാഡിഞരമ്പുകളിൽ ഒഴുകിയിരുന്നു. ഖലീഫയെ കുറിച്ചു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു.

അദ്ദേഹത്തിന്റെ മകൾ മേലുദ്യോഗസ്ഥനെ ആദരിക്കുന്നതിന്റെ ഒരു സംഭവം വിവരിക്കുന്നു: ഒരിക്കൽ ഞങ്ങളെല്ലാ സഹോദരിമാരും അബ്ബുജാനോടൊപ്പം കൂടിക്കാഴ്ചയ്ക്കുവേണ്ടി പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലിരിക്കുകയായിരുന്നു. കൂടിക്കാഴ്ചയ്ക്ക് അകത്തുപോകാൻ കാത്തിരിക്കുകയായിരുന്നു. അബ്ബാ ജാൻ പെട്ടെന്ന് ഡ്യൂട്ടിയിൽ എഴുന്നേറ്റുനില്ക്കുന്നതുപോലെ എഴുന്നേറ്റുനിന്നു. ക്ഷണത്തിൽ എന്താണ് സംഭവിച്ചതെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. അല്പം തലയുയർത്തി നോക്കിയപ്പോൾ, 'നാഇബ് അഫ്സർ ഹിഫാള്വത്ത്' അകത്തുണ്ടായിരുന്നു. എന്തോ ജോലിയുമായി ബന്ധപ്പെട്ടോ ഡ്യൂട്ടിക്കായിട്ടോ അദ്ദേഹം അവിടെ വന്നതാണ്. അദ്ദേഹത്തെ ആദരിച്ചാണ് എന്റെ പിതാവ് എഴുന്നേറ്റുനിന്നത്. അദ്ദേഹം അവിടെനിന്ന് പോകുവോളം അങ്ങനെത്തന്നെ നിന്നു. അദ്ദേഹം പുറത്തേക്ക് പോയപ്പോൾ അബ്ബാജാനിരുന്നു. ഇത് അല്പനേരത്തെ കാര്യമായിരുന്നു. പക്ഷേ, അത് ഞങ്ങളെ കുറെ പഠിപ്പിച്ചു. ജീവിതത്തിൽ ഫലമെടുക്കണമെങ്കിൽ ഇരുമ്പ്, കാന്തത്തെ പറ്റിപ്പിടിച്ചിരിക്കുന്നതുപോലെ ഖിലാഫത്തിനെ പറ്റിപ്പിടിച്ചിരിക്കാൻ ഞങ്ങളെ എപ്പോഴും ഉപദേശിക്കുമായിരുന്നു.

ഇപ്പോൾ മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ തന്നെ തന്റെ കുട്ടികൾക്ക് 'ഈദി' കൊടുത്തിട്ടാണ് അദ്ദേഹം പോയത്. ഇവർ പറയുന്നു: അബ്ബാജാൻ ഞങ്ങൾ നാലുസഹോദരിമാർക്കും സഹോദരനും മരുമകൾക്കും കുറച്ചു ദിവസം മുമ്പേ 'ഈദി' തന്നപ്പോൾ ഞാൻ ചോദിച്ചു, അബ്ബാജാൻ ഇപ്പോൾ റമളാൻപോലും ആയിട്ടില്ലല്ലോ എന്നു പറഞ്ഞു. അപ്പോൾ അബ്ബാജാൻ പറഞ്ഞു: 'സമയത്തെ കുറിച്ച് ഒരു പിടിയുമില്ല. തന്റെ കടമ നിറവേറ്റുന്നതിൽ താമസം വരുത്താൻ പാടില്ല.'

അദ്ദേഹത്തിന്റെ മരുമകൾ പറയുന്നു: 'എന്നെ ഒരുപാട് ശ്രദ്ധിക്കാറുണ്ടായിരുന്നു. എപ്പോഴും പിതാവായിക്കൊണ്ട് ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മരുമകളുടെ പിതാവ് വഫാത്തായപ്പോൾ ഉടനെ തന്റെ മകനോടു പറഞ്ഞു, നിങ്ങൾ ഇരുവരും പാക്കിസ്താനിൽപോകുക. അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുക്കുക. ഈ മരുമകൾ പറയുന്നു: രാത്രിയിൽ ഏതു യാമത്തിൽ ഞാൻ ഉണർന്നാലും അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു.' എഴുതിയിട്ടുള്ള എല്ലാവരും ഖിലാഫത്തിനോടു കൂറിന്റെ ബന്ധമായിരുന്നുവെന്ന് എഴുതിയിട്ടുണ്ട്. ഖിലാഫത്തിന്റെ ഐശ്വര്യം കൊണ്ടുമാത്രമാണ് ജയിലിൽ കഴിഞ്ഞതെന്നും ഖിലാഫത്തിന്റെ ദുആകൾകൊണ്ടുമാത്രമാണ് ഇപ്പോൾ ഇവിടെയുള്ളതെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. ഏതൊരു രാജ്യത്തിന്റെ പ്രസിഡന്റാണോ മരണവാറണ്ടിൽ ഒപ്പിട്ടിരുന്നത് ഖിലാഫത്തിന്റെ ദുആകൾ കാരണത്താൽ അതിനെപ്പറ്റി പിന്നീടൊന്നും അറിഞ്ഞിട്ടില്ല; അതെവിടെപ്പോയെന്ന്! റാണാ സാഹിബ് ജീവൽദൃഷ്ടാന്തമായി ലോകത്തിന്റെ മുമ്പിൽ വന്നു.

അദ്ദേഹത്തിന്റെ മകൾ ആബിദ പറയുന്നു:ഞങ്ങളുടെ മക്കളെ എപ്പോഴും ഒരു കാര്യം ഉപദേശിക്കുമായിരുന്നു. അല്ലാഹുവിനോടും ഖിലാഫത്തിനോടും സുദൃഢബന്ധം പുലർത്തുക. അതിലാണ് നിങ്ങളുടെ ശാശ്വത ജീവിതം. വിശുദ്ധ ഖുർആൻ ഓതാൻ എപ്പോഴും ഉപദേശിക്കുമായിരുന്നു. നമസ്കാരങ്ങളും പ്രത്യേകിച്ച് തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. അവർ പറയുന്നു, തഹജ്ജുദ് നമസ്കാരം ഉപേക്ഷിച്ചതായി ഞാനൊരിക്കൽപോലും കണ്ടിട്ടില്ല. ഞങ്ങൾക്ക് അദ്ദേഹം ദുആകളുടെ കലവറയായിരുന്നു. അതിഥി സൽക്കാരത്തിൽ അതീവ തൽപരനായിരുന്നു. ദരിദ്രരായ ബന്ധുക്കളെ സഹായിച്ചിരുന്നു. റാണാ സാഹിബ് തന്റെ പിതാവിന്റേയും മാതാവിന്റേയും പിന്നീട് തന്റെ ഭാര്യയുടേയും ചന്ദകൾ അവരുടെ വഫാത്തിനുശേഷവും കൃത്യമായി നല്കിക്കൊണ്ടിരുന്നു. ആബിദ സാഹിബ പറയുന്നു, ഒരു കവിതാശകലം എപ്പോഴും ഉച്ചത്തിൽ ചൊല്ലുന്നത് ഞാൻ കാണുകയും കേൾക്കുകയും ചെയ്തിരുന്നു:

*ഹൊ ഫള്ൽ തേരാ യാ റബ്*
*യാ കോയീ ഇബ്തലാ ഹൊ*
*റാസീ ഹെ ഹം ഉസീ മെ*
*ജിസ് മെ തെരി രിസാ ഹൊ*

അദ്ദേഹത്തിന്റെ മകൾ പറയുന്നു: അമ്മിജാന്റെ വഫാത്തിനുശേഷം ഞങ്ങൾ സഹോദരിമാരെയെല്ലാം കൂടുതൽ നോക്കാൻ തുടങ്ങി. തന്റെ മരുമകളോടും പെൺമക്കളോടുള്ളതിനെക്കാൾ കൂടുതൽ നല്ല നിലയിൽ പെരുമാറി. എന്തു സാധനം കൊണ്ടുവന്നാലും ഈദിയാണെങ്കിലും ആദ്യം കൊടുക്കുക മരുമകൾക്കായിരിക്കും. പിന്നീടാണ് ഞങ്ങൾക്കെല്ലാവർക്കും നല്കുക. ഏതെങ്കിലും ഒരാളുടെ മകളെ വീട്ടിൽ കൊണ്ടുവരുമ്പോൾ അവരെ കൂടുതൽ നോക്കേണ്ടതാണെന്ന് എപ്പോഴും പറയുമായിരുന്നു; അല്ലെങ്കിൽ ഞാൻ അല്ലാഹുവിന് മറുപടി പറയണം.

ഒരു മകൾ എഴുതുന്നു: ജയിലിൽ കഴിഞ്ഞത് അല്ലാഹുവിന്റെ തൃപ്തിയിൽ ദീനിനോടുള്ള സ്നേഹത്തിലും ഖിലാഫത്തിനോടുള്ള സ്നേഹത്തിലുമായിരുന്നു. ഒരിക്കലും അദ്ദേഹത്തിന്റെ നാവിൽനിന്ന് പരാതികളെന്നത് വളരെ അകന്ന കാര്യമാണ്, 'ഛെ' എന്നുപോലും കേട്ടിട്ടില്ല. ജീവിതത്തിന്റെ അവസാനത്തിൽ വളരെ ബുദ്ധിമുട്ടുണ്ടായി. ശ്വാസതടസവും അതേപോലെ മറ്റു ബുദ്ധിമുട്ടുകളുമുണ്ടായിരുന്നു. അതിലും അസ്വസ്ഥത കാണിക്കുന്ന ഒരു കാര്യവും, ഒരു വാക്കും അദ്ദേഹത്തിൽ കണ്ടില്ല. എപ്പോഴും ശുക്ർ അൽഹംദുലില്ലാഹ് എന്നതിനുപുറമെ മറ്റൊരു വാക്യവും കേട്ടിരുന്നില്ല.

തുടർന്നു പറയുന്നു: 'ഞങ്ങളെ കുറിച്ച് എത്രത്തോളം ചിന്തിച്ചിരുന്നുവെന്നാൽ, പറയുന്നു ഞാൻ വയസ്സായി, 87,88 വർഷം. സമയത്തെ കുറിച്ചറിയില്ല. ഞാനില്ലാതെയാകുമ്പോൾ അല്ലെങ്കിൽ വഫാത്താകുമ്പോൾ എന്നെ പാക്കിസ്താനിൽ കൊണ്ടുപോകണം. പെൺമക്കളോടു പറഞ്ഞു: നിങ്ങൾക്കെല്ലാവർക്കുമുള്ള ടിക്കറ്റിന്റെ പൈസ എന്റെ കൈയിലുണ്ട്. എന്റെ ജനാസയുമായി പോകുമ്പോൾ നിങ്ങളുടെ ഭർത്താക്കന്മാരിലേക്ക് നോക്കരുത്. നിങ്ങളുടെ പിതാവിന്റെ ചെലവിൽ അയാളുടെ ജനാസയോടൊപ്പം പോകുക.' ഇപ്പോൾ അവസ്ഥകൾ കാരണത്താൽ ജനാസ കൊണ്ടുപോകാൻ കഴിയില്ല. അമാനത്തായിട്ടാണ് അടക്കിയിട്ടുള്ളത്. ഏതെങ്കിലും വഴി തുറന്നാൽ അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് ഇൻശാഅല്ലാഹ് ജനാസ അയക്കാൻ ശ്രമിക്കുന്നതായിരിക്കും.

അദ്ദേഹത്തിന്റെ സഹോദരീപുത്രനാണ് റാണാ ശബീർ. അദ്ദേഹം റബ്വയിലെ ത്വാഹിർ ഹാർട്ടിലാണ് ജോലി ചെയ്യുന്നത്. പറയുന്നു: 'തടവുകാലത്ത് അദ്ദേഹത്തെ പലപ്രാവശ്യവും കാണാൻ എനിക്കു അവസരമുണ്ടായിട്ടുണ്ട്. സാധനങ്ങളെത്തിക്കാൻ ജയിലിൽ പോകുമ്പോഴെല്ലാം പ്രയാസങ്ങളുണ്ടാകുമായിരുന്നു. അദ്ദേഹം ഞങ്ങളോടു ക്ഷമിക്കാനും ദുആ ചെയ്യാനും പറയുമായിരുന്നു. ഒരു മഹാത്മാവായിരുന്നു അദ്ദേഹം. വളരെയധികം ക്ഷമിക്കുന്നയാളായിരുന്നു.' അദ്ദേഹത്തിന്റെ സഹോദരപുത്രൻ എഴുതുന്നു: '1980 വരെ ഖസ്റെ ഖിലാഫത്തിലായിരുന്നു താമസിച്ചിരുന്നത്. ജൽസയിൽ ഞങ്ങൾ പോകുമ്പോൾ ചിലപ്പോൾ ഒന്നുരണ്ടു അനഹ്മദി കുടുംബങ്ങളും ഞങ്ങളോടൊപ്പം ഉണ്ടാകുമായിരുന്നു. ജൽസയിൽ പ്രിയപ്പെട്ട സുഹൃത്തുക്കൾ പോകുമ്പോൾ ഞങ്ങളുടെ പിതൃസഹോദരിഭർത്താവ് (ഇത് അദ്ദേഹത്തിന്റെ ഭാര്യയുടെ സഹോദരപുത്രി റുബീന സാഹിബയാണ്) തന്റെ ഭാര്യയോടു അതിഥികളെ എപ്പോഴും നോക്കിക്കൊള്ളണമെന്ന് പറയാറുണ്ടായിരുന്നു. ഭക്ഷണകാര്യത്തിലും ഉറക്കത്തിന്റെ കാര്യത്തിലും ഒരുവിധ ബുദ്ധുമുട്ടുമുണ്ടാകരുത്. വീട്ടിൽ സ്ഥലം തികഞ്ഞില്ലെങ്കിൽ കുട്ടികളേയുമെടുത്ത് സ്റ്റോറിലോ കിച്ചണിലോ പോയി ഉറങ്ങുമായിരു

---


**ഹദീഥുന്നബ്വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ അതിഥിക ളാണ്. അവർക്കൊരുതരത്തിലുള്ള ബുദ്ധിമുട്ടു കളും ഉണ്ടാകാൻ പാടില്ലെന്ന് പറയുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരപുത്രൻ പറയുന്നു: 'ഞാൻ അദ്ദേഹത്തെ കാണാൻ ജയിലിൽ പോയി. സുഖവിവരമന്വേഷിച്ചപ്പോൾ, മറ്റു സംഭവങ്ങളെ കുറിച്ച് അറിയാൻ ആഗ്രഹിച്ചപ്പോൾ അത്യുത്സാഹത്തോടെ പറഞ്ഞു: 'മകനേ! ഏതു പരിതഃസ്ഥിതിയിലും നിങ്ങളുടെ കലിമയെ സംരക്ഷിക്കേണ്ടതാണ്. ജീവൻതന്നെപോകുമെന്നു വന്നാലും അത് വകവെക്കരുത്.' ഈ സഹോദരപുത്രൻ പറയുന്നു: 'ഈ വാക്കുകൾ ഒരു മനുഷ്യന്റേതല്ലെന്ന് എനിക്ക് അനുഭവപ്പെട്ടു. ഏതോ മലക്കിന്റെ ശബ്ദമായിരുന്നു അത്. അദ്ദേഹം ധൈര്യവാനും ധീരനും കലിമ സംരക്ഷിക്കുന്നയാളും ഖിലാഫത്തിനെ പ്രേമിക്കുന്നയാളും നിർഭയനുമായ അഹ്മദി മുസ്‌ലിമായിരുന്നു.'

തുടർന്ന് ഇദ്ദേഹം പറയുന്നു: ഞാൻ ബെൽജിയമിൽനിന്ന് ലണ്ടനിൽ ഷിഫ്റ്റായപ്പോൾ എന്നോടു പറഞ്ഞു: 'ഇവിടെ വന്നാൽ പിന്നെ ഖിലാഫത്തിനെ ചേർത്തു പിടിക്കണം. ഇവിടെ ഖിലാഫത്തു കാരണത്താലാണ് വന്നതെങ്കിൽ കാലത്തിന്റെ ഖലീഫയുടെ എല്ലാ കല്പനകൾക്കും ലബ്ബൈക് പറയുന്നില്ലെങ്കിൽ ഒരു ഫലവുമില്ല. പിന്നീട് ഇങ്ങനേയും പറഞ്ഞു: കൃത്യമായി നമസ്കാരങ്ങൾ അനുഷ്ഠിക്കുക. ഏതെങ്കിലും പ്രശ്നങ്ങളുണ്ടായാൽ പരിഭ്രമിക്കുന്നതിനുപകരം എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. വ്യാജന്മാരിൽനിന്നും കപടന്മാരിൽനിന്നും എപ്പോഴും ജാഗരൂകരായിരിക്കണം.' അദ്ദേഹത്തിന് എപ്പോഴും തന്റെ ഡ്യൂട്ടിയെ കുറിച്ചുള്ള ചിന്തയായിരുന്നു. ആരോഗ്യം കൂടുതൽ വഷളാവുകയും ഇനി വിശ്രമിക്കാമെന്ന് വീട്ടുകാർ പറയുകയും ചെയ്താൽ, ഇല്ല എനിക്ക് പ്രശ്നങ്ങളൊന്നുമില്ലെന്ന് പറയുമായിരുന്നു; ഇത് എന്റെ ബോണസ്(bonus) ദിനങ്ങളാണ്. വാർധക്യത്തിൽ ഒരുപാട് സേവനത്തിനുള്ള അവസരങ്ങളാണ് കിട്ടിക്കൊണ്ടിരിക്കുന്നത്, അത് കിട്ടിക്കോട്ടെ.

ഇൽയാസ് മുനീർ സാഹിബ് ജയിലിൽ റാണാ സാഹിബിന്റെ സുഹൃത്തായിരുന്നു. അദ്ദേഹം എഴുതുന്നു: റാണ സാഹിബിനോടൊപ്പം എന്റെ ജീവിതത്തിന്റെ ഒരുഭാഗം കഴിഞ്ഞു. അവസാനം വിട പറഞ്ഞ നേരത്ത് അദ്ദേഹത്തെ കണ്ടപ്പോൾ കഠിനമായ വിഷമമുണ്ടായി. റാണാ സാഹിബിനോടൊപ്പം പത്തു വർഷമാണ് ജയിലിൽ കഴിഞ്ഞത്. ഒരു ദിവസംപോലും ഞാൻ അദ്ദേഹത്തെ പരാജിതനായി കണ്ടിട്ടില്ല. പട്ടാളക്കോടതിയിൽനിന്ന് അദ്ദേഹത്തിന് വധശിക്ഷയുടെ അക്രമപരവും മൃഗീയവുമായ കല്പന കേൾപ്പിക്കപ്പെട്ടപ്പോഴും അത് സന്തോഷത്തോടെ കേട്ടു, സ്വീകരിച്ചു. അദ്ദേഹത്തിന്റേത് വലിയ കുടുംബമായിരുന്നു. കുട്ടികളെല്ലാം ചെറുതായിരുന്നു. ജീവിതമാർഗവും പ്രത്യേകിച്ച് ഒന്നുമുണ്ടായിരുന്നില്ല. പക്ഷേ, 'തവക്കുൽ' ഉണ്ടായിരുന്നു. ദീനീ സേവനത്തിന്റെ വികാരമുണ്ടായിരുന്നു. ജമാഅത്തിന്റെ അന്തസ്സിന്റെ ചിന്തയുണ്ടായിരുന്നു. എപ്പോഴെങ്കിലും പ്രയാസമുണ്ടായിട്ടുണ്ടെങ്കിൽ ഇങ്ങനെയാണ് പറയുക: 'അവരുടെ തീരുമാനം ഭയാനകമാണ്. അല്ലാഹു തന്നെയാണ് സുരക്ഷിതനാക്കി വെക്കുന്നവൻ.' പിന്നീട് അല്ലാഹു അദ്ദേഹത്തിന്റെ ജോലിയും പൂർത്തിയാക്കി. തടവുകാലത്തുതന്നെ പെൺകുട്ടികളുടെയെല്ലാം വിവാഹവും നടന്നു.

ഇൽയാസ് മുനീർ സാഹിബ് സംഭവം കുറച്ചു ഹ്രസ്വമാക്കി എഴുതുന്നു: അക്രമകാരികൾ മസ്ജിദിനുനേരെ ആക്രമണം നടത്തുകയും പരിശുദ്ധ കലിമയേയും ഖുർആൻ വചനങ്ങളേയും തിരുമൊഴികളേയും അപമാനിക്കാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹം പറയുന്നു: 'ആ അവസരത്തിൽ അദ്ദേഹം അങ്ങേയറ്റം മുഴങ്ങുന്ന ശബ്ദത്തിൽ ആദ്യമായി വെല്ലുവിളിക്കുന്നതു കണ്ട ആ ദൃശ്യം എനിക്കൊരിക്കലും മറക്കാൻ കഴിയുകയില്ല. റാണാ സാഹിബ് പറഞ്ഞു: 'കലിമ മായിക്കാൻ നിങ്ങളാരാണ്? നിങ്ങളാരാണ് കലിമ മായിക്കാൻ? ഇൽയാസ് സാഹിബ് പറയുന്നു: അതിനുമുമ്പേ ഒരിക്കലും അദ്ദേഹം ഉർദു സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. പക്ഷേ, ആ നേരത്ത് അദ്ദേഹം ഉർദുവിൽ സംസാരിച്ചു. ഇടിനാദംപോലെ സംസാരിച്ചു. ഒറ്റയ്ക്ക് 30, 40 ആളുകളെ, അക്രമകാരികളെ ആദ്യം മസ്ജിദിന്റെ മുക്കുമൂലകളിൽ ഒളിക്കുന്നതിനും പിന്നീട് അവിടെനിന്ന് ഓടിപ്പോകുന്നതിനും അദ്ദേഹം നിർബന്ധിതരാക്കി.' വീണ്ടും എഴുതുന്നു: 'അദ്ദേഹം ഈ ജോലി അങ്ങേയറ്റം ധീരതയോടെ ചെയ്തുവെന്നുമാത്രമല്ല പോലീസ് ഓഫീസർ വെടിവെച്ചതാരാണെന്ന് ചോദിച്ചപ്പോൾ ഒരു നിമിഷംപോലും താമസിക്കാതെ ക്ഷണത്തിൽ മുന്നോട്ടുവന്ന് ഞാനാണെന്ന് പറയുകയും ചെയ്തു. അതിനുശേഷം അദ്ദേഹത്തിനുമേൽ പല രീതിയിലും അക്രമം ചെയ്യപ്പെട്ടു. ജമാഅത്തിന്റെ മേലധികാരികൾ പറഞ്ഞിട്ടാണ് ഇതൊക്കെ താൻ ചെയ്തതെന്ന് അദ്ദേഹത്തെക്കൊണ്ടു പറയിക്കാൻ പല ശ്രമങ്ങളുമുണ്ടായി. എന്നാൽ, ശാബാശ്! ആ സിംഹമനസിന്! ജമാഅത്തു വ്യവസ്ഥിതിയുടെമേൽ ലവലേശം ക്ഷതം പറ്റാൻ അദ്ദേഹം അനുവദിച്ചില്ല. യാഥാർഥ്യം അതുതന്നെയായിരുന്നു; അദ്ദേഹത്തിന്റെ കൈയിൽ സ്വന്തം തോക്കുണ്ടെന്ന് ജമാഅത്തിന്റെ മേലധികാരികൾക്കും അറിയില്ലായിരുന്നു. പിന്നീട് കോടതിയിലും, അതും പ്രത്യേക പട്ടാളക്കോടതിയുടെ മുമ്പിലും ഒരു തരത്തിലുള്ള സമ്മർദത്തിനും വഴങ്ങിയില്ല. മൊഴിയിലൂടെയും എഴുത്തിലൂടെയും മനസ്സാക്ഷിയോടുകൂടി ധീരതയോടും തന്റേടത്തോടും കൂടി വെടിവെച്ചത് താൻതന്നെയാണെന്ന് സമ്മതിച്ചു. അദ്ദേഹത്തിന്റെ ഇതേ ധീരതയും ധൈര്യവും സത്യം പറയലും ജമാഅത്തിന്റെ അന്തസിന്റേയും ആദരവിന്റേയും വികാരമായിരുന്നു. അല്ലാഹു അവസാനം അദ്ദേഹത്തിന് മോചനം നല്കുകയും അവസാന ശ്വാസംവരെ പിന്നീട് സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടുകയും ചെയ്തു.'

ഇൽയാസ് മുനീർ സാഹിബെഴുതുന്നു: തടവിൽ കഴിയുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ പിതാവിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കത്തുകൾ വരുമ്പോൾ തടവിന്നിടയിൽ അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കത്തുകളുടെ മൂല വാക്യം ഞങ്ങൾക്കായി കൊണ്ടുവരുമായിരുന്നു. ആ കാലത്ത് എം.ടി.എ ആരംഭിച്ചിട്ടില്ലായിരുന്നു. ഖുത്ബ എഴുത്തിലൂടെയാണ് കിട്ടിയിരുന്നത്. ഇൽയാസ് സാഹിബ് പറയുന്നു: അപ്പോൾ ഖുത്ബ വായിച്ചുകേൾപ്പിക്കാൻ റാണാ സാഹിബ് എന്നെ കൂടെ ഇരുത്തുമായിരുന്നു. ഞങ്ങൾ തടവിൽകഴിഞ്ഞ കാലമത്രയും വേറിട്ടായിരുന്നുവല്ലോ. അതിനിടയിൽ കുറച്ചു നേരത്തേക്ക് ഇരുവരും ഒന്നിക്കുന്നതിന് തുറക്കുമായിരുന്നു. അങ്ങനെ ഒരുമിച്ചുകൂടുന്ന നേരത്താണ് ഖുത്ബ വായിക്കാൻ സമയം നീക്കി വെച്ചത്. വളരെ ഒരുക്കത്തോടെ ഖുത്ബ കേൾക്കുമായിരുന്നു.'

വീണ്ടും ഇൽയാസ് മുനീർ സാഹിബ് എഴുതുന്നു: 'ജമാഅത്തായി നമസ്കരിക്കാൻ കഴിയുന്ന ഒരുക്കത്തോടെ നമസ്കരിക്കുമായിരുന്നു. എന്നല്ല ചില നേരങ്ങളിൽ ജയിലിലെ മറ്റു അഹ്മദികളേയും വിളിക്കുമായിരുന്നു. റമളാൻ കാലത്ത് ഞങ്ങൾക്ക് മെയ്, ജൂൺ, ജൂലായി മാസങ്ങളിലെ അത്യുഷ്ണ കാലത്തും ജയിലിൽ നോമ്പ് നോൽക്കേണ്ടിവന്നിട്ടുണ്ട്. ബഹുമാന്യ റാണാ സാഹിബ് തന്റെ പ്രായാധിക്യവും ജയിലിലെ ബുദ്ധിമുട്ടുകളും ഉണ്ടായിട്ടും എല്ലാ നോമ്പും പിടിക്കുമായിരുന്നു. അദ്ദേഹം വലിയ അസാധാരണമായ തന്റേടവും ഉത്സാഹവും കാണിച്ചു. പൂർണമായ സന്തോഷത്തോടെ എല്ലാ അവസ്ഥകളേയും നേരിട്ടു. വധശിക്ഷ അദ്ദേഹത്തെ കേൾപ്പിച്ചപ്പോൾ ആ നേരത്തും അദ്ദേഹം ധൈര്യത്തോടെ നിന്നു. അദ്ദേഹത്തിന്റെ ധൈര്യത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ അന്യർക്കും അത് ബോധ്യമായി. പ്രസിഡന്റ് ഒപ്പുവച്ച വധശിക്ഷയുടെ കല്പന കിട്ടിയതിനുശേഷം റാണാ നയീമുദ്ദീൻ സാഹിബിന്റെ അടുക്കൽ ജയിൽ വാർഡൻ വന്നു പറഞ്ഞു: ഗുരുവേ! നോക്കൂ ഈ മിർസാഇ അത്ഭുതമാണ്. അദ്ദേഹത്തിന് വധശിക്ഷ നടപ്പാക്കുന്നതിന്റെ തിയതി കിട്ടി. അദ്ദേഹത്തിന്റെ അവസാനത്തെ നില എത്തിയിരിക്കുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്ത് ഒരു മാറ്റവുമില്ല. ഒരു ലക്ഷണവും കാണുന്നില്ല. അത് തന്നിലേക്കാൻ അദ്ദേഹം വിട്ടിട്ടുമില്ല. എന്തായാലും അദ്ദേഹം ദീർഘനേരം റാണാ സാഹിബുമായി സംസാരിച്ചുനിന്നു. റാണാ സാഹിബ് പറയുന്നു, ഞാനാരാണെന്ന് അയാൾക്ക് അറിയില്ലെന്ന് എനിക്കു മനസിലായി. അങ്ങനെ അയാൾ സംസാരം മുഴുവിപ്പിച്ചപ്പോൾ റാണാ സാഹിബ് അയാളോടു ചോദിച്ചു, എന്റെ മുഖത്ത് നിങ്ങൾ എന്തെങ്കിലും ലക്ഷണം കണ്ടോ? ഇല്ല എന്ന് അയാൾ പറഞ്ഞു. അപ്പോൾ റാണാ സാഹിബിന്റെ വെളിപ്പെടുത്തൽ അയാളെ ആകെ ഇളക്കിക്കളഞ്ഞു; 'ഞാനും അഹ്മദിയാണ്, അവരിൽപ്പെട്ടയാളാണ്.'

അവസാനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അർറാബിഅ്ന്റെ ഒരു കത്തും വായിക്കാം. അത് റാണാ നയീമുദ്ദീൻ സാഹിബിന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അർറാബിഅ്(റഹ്) 1986 സെപ്റ്റംബറിൽ എഴുതിയതാണ്. അതിന്റെ കുറച്ചു ഭാഗം ഇങ്ങനെയാണ്. 'അങ്ങയുടെ ആത്മാർഥതകൾ നിറഞ്ഞ കത്തുകൾ ലഭിച്ചു. ഉന്നതമായ


**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

വിശ്വാസത്തിന്റെ ഏതൊരു ശക്തമായ പാറയിന്മേലാണോ അങ്ങ് നില്ക്കുന്നത് അത് അഭിമാനാർഹമാണ്. അല്ലാഹുവിന്റെ ആളുകൾക്ക് ഉന്നതമായ സ്ഥാനം കരസ്ഥമാക്കുന്നതിനുമുമ്പേ ഇത്തരത്തിലുള്ള ദുർഘടമായ വഴികളിലൂടെ കടന്നു പോകേണ്ടി വരുന്നു. നിങ്ങളുടെ സൗഭാഗ്യത്തിൽ അസൂയ തോന്നുന്നു. മരം അതിന്റെ ഫലംകൊണ്ടാണ് തിരിച്ചറിയപ്പെടുന്നത്. നിങ്ങൾത്തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വൃക്ഷത്തിന്റെ ഹരിതാഭമായ ശാഖകളിലെ മധുരമുള്ള ഫലങ്ങൾ. അല്ലാഹു നഷ്ടപ്പെടുത്തുകയില്ല. ജമാഅത്ത് ദുആ ചെയ്തുകൊണ്ടിരക്കുന്നു. എന്റെ ദുആകളും നിങ്ങൾക്കുവേണ്ടിയുണ്ട്. എന്റെ പുതിയ പദ്യവും നിങ്ങൾ കേട്ടിട്ടുണ്ടാകുമെന്ന് കരുതകയാണ്. അതിൽ താങ്കളേയും താങ്കളെപ്പോലുള്ള മറ്റുള്ളവരേയും ആഗ്രഹിക്കുന്നതിന്റെ സന്ദേശവും സലാമുമുണ്ട്. അല്ലാഹു മലക്കുകളെക്കൊണ്ട് സഹായിക്കുമാറാകട്ടെ. ശത്രുക്കളുടെ കൈയിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകട്ടെ.” ഈ കത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) റാണാ സാഹിബിനു എഴുതിയതാണ്.

മുബാറക് സിദ്ദീഖീ സാഹിബ് വിവരിക്കുന്നു: ഒരിക്കൽ ഞാൻ അദ്ദേഹത്തോടു അദ്ദേഹത്തിന്റെ തടവു ജീവിതത്തേയും ജയിലിലെ ബുദ്ധിമുട്ടുകളേയും കുറിച്ച് ചോദിച്ചു. അപ്പോൾ ചിരിച്ചുകൊണ്ട് പറഞ്ഞു: ‘നമ്മൾ അഹ്മദികളുടെ ജീവിതം അല്ലാഹുവിനും അവന്റെ റസൂലിനും കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നതിനും വേണ്ടി വഖ്ഫാണ്. അതുകൊണ്ട് എനിക്കൊരിക്കലും ഒരു ബുദ്ധിമുട്ടും, ബുദ്ധിമുട്ടായി തോന്നിയിട്ടില്ല. ഞാൻ എല്ലാ അവസ്ഥയിലും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടിരിക്കുന്ന ആളാണ്.’ തീർച്ചയായും അദ്ദേഹം എല്ലാ അവസ്ഥയിലും അവസാന ശ്വാസംവരെ അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരുന്നു. ഞാനെപ്പോഴെല്ലാം അദ്ദേഹത്തിന്റെ അവസ്ഥ ചോദിച്ചിട്ടുണ്ടോ ‘അൽഹംദുലില്ലാഹ്’ എന്നു തന്നെയാണ് പറഞ്ഞിരുന്നത്. ആശുപത്രിയിൽനിന്ന് വീട്ടിലെത്തിയാൽ അടുത്ത ദിവസംതന്നെ മസ്ജിദിൽ വരുമായിരുന്നു. തനിക്ക് സുഖമാണെന്ന് പറയുമായിരുന്നു. ഒപ്പം എനിക്കുവേണ്ടി ദുആയും ചെയ്യുമായിരുന്നു.

ഞാൻ പറഞ്ഞതുപോലെ ഒരു ഡോക്ടർ പറഞ്ഞു: ഇത്തരം രോഗം പിടിപ്പെട്ടവരുടെ കാലുകൾക്ക് നീരുവീക്കമുണ്ടാകും. വീട്ടിൽനിന്ന് പുറത്തിറങ്ങാൻ പറ്റുകയില്ല. പക്ഷേ, ഇദ്ദേഹം ഡ്യൂട്ടിയിൽ വന്ന് നില്ക്കുമായിരുന്നു. ഇതിൽ ഡോക്ടർ അത്ഭുതപ്പെട്ടിരുന്നു. ഡോക്ടർ അത്ഭുതപ്പെട്ടിട്ടുണ്ടാകും. കാരണം അദ്ദേഹത്തിലുണ്ടായിരുന്ന വികാരത്തെ കുറിച്ച് ഡോക്ടർ എന്തറിയാനാണ്? ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. അദ്ദേഹത്തെ മസ്ജിദിലും ഡ്യൂട്ടിയിലും വലിച്ചുകൊണ്ടു വന്നത്, അതിന്റെ അടുത്തിരിക്കുക എന്ന ആവേശമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും സമാധാനം കണ്ടിരുന്നു. ഖിലാഫത്തിനോടുള്ള മുഹബ്ബത്ത് കണ്ടിരുന്നു. അല്ലാഹു പരലോകത്തും അദ്ദേഹത്തോടു സ്നേഹത്തോടും പ്രീതിയോടും കൂടി പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ കാല്പാദങ്ങളിൽ ഇടം നല്കുമാറാകട്ടെ.

ചെറുപ്പം മുതലേ എനിക്ക് അദ്ദേഹത്തെ അറിയാം. പറഞ്ഞതുപോലെ അക്കാലത്ത് അദ്ദേഹം ജാബഃ, നഖ്ല എന്നീ സ്ഥലങ്ങളിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയോടൊപ്പം പോകാറുണ്ടായിരുന്നു. ഞങ്ങളും ഉഷ്ണകാലത്ത് കുറച്ചു ദിവസം അവിടെ പോകുമായിരുന്നു. ആ കാലത്തും അദ്ദേഹം വളരെ വാത്സല്യത്തോടെയാണ് ഞങ്ങളോട് പെരുമാറിയിരുന്നത്. ഖിലാഫത്തിന് ശേഷം എന്നോടുള്ള പെരുമാറ്റത്തിന്റെ വർണംതന്നെ മറ്റൊന്നായിരുന്നു. അദ്ദേഹത്തിന് ഖിലാഫത്തിനോടുള്ള കൂറു നിങ്ങൾ കേട്ടു കഴിഞ്ഞു. അദ്ദേഹത്തിന്റെ അനുഭവങ്ങളും വികാരങ്ങളും നിങ്ങൾ കേട്ടു കഴിഞ്ഞു. അതെല്ലാം എപ്പോഴും അദ്ദേഹത്തിൽ കാണുന്നതായിരുന്നു.

അല്ലാഹു അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും എപ്പോഴും കൂറുപുലർത്തികൊണ്ട് തങ്ങളുടെ പിതാവിന്റെ കാലടികളെ പിന്തുടരുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇപ്പോഴത്തെ അവസ്ഥ കാരണത്താൽ അദ്ദേഹത്തിന്റെ ജനാസയിൽ പോകാൻ എനിക്കു കഴിഞ്ഞില്ല. സർക്കാറിന്റെ നിയന്ത്രണങ്ങളുമുണ്ടായിരുന്നു. restrictions ഉണ്ടായിരുന്നു. അതിന്റെ വിഷമം എനിക്കുണ്ട്. അദ്ദേഹത്തിന്റെ ജനാസ ഗാഇബ് ഞാൻ പിന്നീട് നമസ്കരിപ്പിക്കുന്നതാണ് ഇൻശാ അല്ലാഹ്.

അവസാനമായി ഞാൻ വീണ്ടും ഇപ്പോഴത്തെ രോഗവുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ചില അഹ്മദികളും രോഗികളായിട്ടുണ്ട്. അവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും പരിപൂർണ ശിഫാ നൽകുമാറാകട്ടെ. നമുക്കും അവന്റെ തൃപ്തിയുടെ മാർഗത്തിൽ ചലിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നമുക്ക് ശരിയായ രൂപത്തിൽ ആരാധനകളോടുള്ള കടമകൾ നിറവേറ്റുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഈ പ്രയാസം എത്രയും പെട്ടെന്ന് നമ്മിൽ നിന്ന് അകറ്റുമാറാകട്ടെ. ലോകത്തിന് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ, അവരെ എകദൈവത്തെ തിരിച്ചറിയുന്നവരും അവനെ ആരാധിക്കുന്നവരും തൗഹീദിനെ കുറിച്ച് മനസ്സിലാക്കുന്നവരുമാക്കട്ടെ. അല്ലാഹു എല്ലാവരിലും കരുണ ചൊരിയുമാറാകട്ടെ. (ആമീൻ).

---

**(പേജ് 2ൽനിന്ന്)**

ഇസ്ലാമിക കുടുംബം എങ്ങനെയായിരിക്കും? ഇാസ്ലാമിക സമൂഹത്തിൽ അഥവാ ഇസ്ലാമിക കുടുംബത്തിലുള്ള ഇക്കാലഘട്ടത്തിലെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം?

**ഹുദൂർ:** ചരിത്രത്തിൽ ഇസ്ലാമിക സമൂഹത്തിന്റേയും ഇസ്ലാമിക ഭരണകൂടത്തിന്റേയും മാതൃക നമ്മുടെ മുമ്പിലുണ്ട്. നബി(സ)തിരുമേനി മദീനയിലേക്ക് പലായനം ചെയ്തപ്പോഴാണ് ഇസ്ലാമിക ഭരണകൂടം സ്ഥാപിതമാകുന്നത്. ആ സമയത്ത് മദീനയിൽ താമസിച്ചിരുന്ന മുസ്ലിമീങ്ങൾ, യഹൂദർ, ക്രൈസ്തവർ തുടങ്ങിയവർക്കിടയിൽ ഒരു കരാറുണ്ടാക്കി. എല്ലാവരും അവരരവരുടെ ശരീഅത്തനുസരിച്ചാണ് ജീവിതം നയിച്ചിരുന്നത്. എല്ലാവരും ഏകകണ്ഠമായി നബി(സ)തിരുമേനിയെ രാഷ്ട്രത്തലവനായി തിരഞ്ഞെടുത്തു. ഇസ്ലാമിക ഭരണകൂടത്തിന്റെ മാതൃക മദീന കരാറിലുണ്ട്. അക്കാലഘട്ടത്തിൽ, കരാറിനെ പാലിക്കാത്തവരേയും നിയമലംഘകരേയും ഒഴിച്ചു നിർത്തിയാൽ എല്ലാവരും നല്ല അന്തരീക്ഷത്തിൽ പരസ്പരം സഹവർത്തിത്വത്തോടെ നല്ല രീതിയിൽ ജീവിച്ചു പോന്നു. ഇസ്ലാമിക സമൂഹത്തിന്റെ മോഡലായിരുന്നു അത്. ഈ മോഡലിനെ കുറിച്ചാണ് ഇംറാൻഖാൻ പാക്കിസ്താനിൽ സ്ഥാപിക്കണമെന്ന് പറയുന്നത്. എന്നാൽ, ഇന്നുവരേക്കും വിജയിച്ചിട്ടില്ല. കുടുംബങ്ങളെ കുറിച്ചും വീടുകളെ സംബന്ധിച്ചും പരാമർശിക്കുകയാണെങ്കിൽ അതിനെ കുറിച്ച് ഇസ്ലാം പറയുന്നത് നിങ്ങൾ നിങ്ങളുടെ സ്ത്രീകളെ ആദരിക്കണമെന്നാണ്. നബി(സ)തിരുമേനി പറയുകയുണ്ടായി: നിങ്ങൾ സ്ത്രീകളെ ആദരിക്കുക. വീണ്ടും അവിടന്ന്(സ) പറയുകയുണ്ടായി: ‘സ്വർഗം മാതാവിന്റെ കാൽപാദങ്ങൾക്ക് കീഴിലാണ്.’

ഇതിന്റെ അർഥം കുട്ടികളുടെ പരിപാലനത്തിലും ശിക്ഷണത്തിലും സ്ത്രീകൾക്ക് മുഖ്യ പങ്ക് വഹിക്കാനുണ്ടെന്നാണ്. പിന്നെ ഇസ്ലാം ത്വലാഖിനുള്ള അനുമതി നല്കിയെങ്കിലും ഭാര്യാ ഭർത്താക്കന്മാരുടെയിടയിൽ ചേർച്ച വരുന്നില്ലെങ്കിൽ ത്വലാഖ് ചെയ്യാനുള്ള അനുമതി നല്കി. എന്നിരുന്നാലും ഇതിനെ അനിഷ്ടകരമായ പ്രവൃത്തി എന്ന് വ്യക്തമാക്കുകയുണ്ടായി. അല്ലാഹു തആല ത്വലാഖിനെ ഇഷ്ടപ്പെട്ടിട്ടില്ല. കുടുംബത്തെ കുറിച്ചുള്ള ഇസ്ലാമികാധ്യാപനമാണിത്. അതുപോലെ തന്നെ മറ്റു പ്രശ്നങ്ങളെ സംബന്ധിച്ചും പൂർണ മാർഗദർശനം ഇസ്ലാം നല്കുകയുണ്ടായി. കച്ചവടം ഉദാഹരണമാണ്. ഇതു വിഷയകമായി ഇസ്ലാം പറയുന്നത് വിശ്വസ്ഥതയോടെ കച്ചവടം നടത്തുക എന്നാണ്. ഒരിക്കൽ നബി(സ)തിരുമേനി ചന്തയിൽ പോയി. അവിടെ കൂട്ടിയിട്ടിരുന്ന ഗോതമ്പ് കൂനയിൽ കൈതാഴ്ത്തി. മേൽപരപ്പിലെ നിലവാരമല്ല ഉള്ളിലേത് എന്ന് കണ്ടെത്തിയ അദ്ദേഹം പറഞ്ഞു: നിങ്ങൾ ജനങ്ങളെ വഞ്ചിക്കുകയാണ്. അതിന് ഒരു കാരണാവശാലും അനുമതി തരിക സാധ്യമല്ല. ഇതിന് നിങ്ങൾക്ക് ശിക്ഷയുണ്ടാകും. ഇസ്ലാം എല്ലാ വിധത്തിലും ജനങ്ങൾക്ക് മാർഗദർശനം നല്കിയിട്ടുണ്ട്. അതുകൊണ്ട് ഇസ്ലാമിന്റെ യഥാർഥ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ എല്ലാവർക്കും സമാധാനത്തോടെ ജീവിതം നയിക്കാൻ സാധിക്കുന്നതാണ്.

ഒരു ജേർണലിസ്റ്റ്: ഹുദൂർ ലോകത്ത് സമാധാന സംസ്ഥാപനത്തിനുവേണ്ടി ശ്രമിക്കുന്നു. ഇപ്പോൾ ലോകത്തിന്റെ അവസ്ഥ വളരെ മോശമാണ്. സിറിയയിൽ യുദ്ധം നടന്നു കൊണ്ടിരിക്കുന്നു. അതുപോലെ ലോകം മറ്റു പല പ്രശ്നങ്ങളാൽ ഉഴലുകയാണ്.ഈ സാഹചര്യത്തെ കുറിച്ചുള്ള ഹുദൂറിന്റെ വീക്ഷണമെന്താണ്. നമുക്ക് എങ്ങനെ സമാധാനം പുനസ്ഥാപിക്കാൻ കഴിയും?

**ഹുദൂർ:** ലോകത്തെ നേതാക്കൾ സ്രഷ്ടാവിന്റേയും സൃഷ്ടികളുടേയും അവകാശങ്ങൾ നിർ വഹിക്കുന്ന ഉത്തരവാദിത്വം മനസ്സിലാക്കാതിരുന്നാൽ ലോകത്ത് വളരെ വലിയൊരു നാശം വരും. അതിന് മേൽ നിയന്ത്രണം സാധ്യമല്ലാതെ വരും. ഇപ്പോൾ എല്ലാവരും മറ്റുള്ളവരുടെ ദൗർബല്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഇന്നയാളിൽ ഇന്നയിന്ന ന്യൂനതയുണ്ട്, കുറവുണ്ട് എന്ന്. എന്നാൽ, സ്വന്തം അവസ്ഥയിലേക്ക് ആരും നോക്കാറില്ല. ഇസ്ലാമികാധ്യാപനങ്ങൾ അനുസരിച്ച്, സ്വന്തം അവകാശങ്ങൾ ആവശ്യപ്പെടുന്നതിനു പകരം നമ്മൾ മറ്റുള്ളവരുടെ അവകാശങ്ങൾ നിർവഹിക്കുകയാണ് വേണ്ടത്. ഇതുമാത്രമാണ് ഏക പരിഹാരം. എന്നാൽ, ഇന്നത്തെ സാഹചര്യത്തിൽ ഇതനുസരിച്ച് പ്രവർത്തിക്കുക വളരെ ബുദ്ധിമുട്ടാണ്. ഈ അധ്യാപനങ്ങളനുസരിച്ച് മുസ്ലിംരാജ്യങ്ങൾ പ്രവർത്തിക്കുന്നില്ല. ഈ അധ്യാപനങ്ങളനുസരിച്ച് ഞങ്ങൾ അഹ്മദി മുസ്ലിമീങ്ങൾ പ്രവർത്തിക്കുന്നു. അവയെ പ്രചരിപ്പിക്കുന്നു. ഈ അടിസ്ഥാനങ്ങളനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ ലോകം മൂന്നാം ലോകമഹായുദ്ധം സംഭവിക്കുന്നതായി കാണും. ഭരണകൂടങ്ങൾ അവരുടെ പ്ലാനിംഗുകളും തന്ത്രങ്ങളും മാറ്റുന്നില്ലെങ്കിൽ നിങ്ങളും അതിന്റെ അനന്തരഫലം പെട്ടെന്ന് തന്നെ കാണുന്നതാണ്. ഒരു പരിധിവരെ ഈ യുദ്ധം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. സിറിയൻ യുദ്ധം കാരണത്താൽ പല രാഷ്ട്രങ്ങളും അതിന്റെ ഭാഗമായി തീർന്നിട്ടുണ്ട്. ലാവ തിളക്കാൻ തുടങ്ങിയിട്ടുണ്ട്. ഏത് സമയത്തും പൊട്ടിത്തെറിക്കാവുന്നതാണ്.

ഈ പ്രസ് കോൺഫ്രൻസ് 4.55 വരെ നീണ്ടു നിന്നു

പ്രസ് കോൺഫ്രൻസിനുശേഷം ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. അവിടെ ഡോക്ടർ കത്രീന ലാ ന്റോസ് സ്വെറ്റ്(Dr.Katrina Lantos Swett) ഹുദൂറുമൊത്ത്

കൂടിക്കാഴ്ചക്കായി അവിടെ കാത്തിരിക്കുന്നുണ്ടായിരുന്നു. മനുഷ്യാവകാശത്തിനും നീതിക്കും വേണ്ടിയുള്ള ടോം ലാന്റോസ് ഫൗണ്ടേഷൻ(Tom Lantos Foundation for Human Rights and Justice Capitol Hill) പ്രസിഡന്റാണ് ഈ വനിത. ക്യാപിറ്റൽ ഹില്ലിലെ ഹുദൂറിന്റെ പ്രഭാഷണ പരിപാടിയിലും ലണ്ടനിൽ നടന്ന പീസ് കോൺഫ്രൻസിലും ഇവർ പങ്കെടുത്തിട്ടുണ്ട്. തന്റെ പരിപാടികളിൽ പ്രത്യേകമായ നിലയിൽ മാറ്റം വരുത്തിയാണ് ഡോക്ടർ കത്രീന ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചക്കും ന്യൂ ഹാംപ്ഷയർലെ (New Hampshire) മസ്ജിദ് ഉൽഘാടന പരിപാടിയിലും പങ്കെടുക്കാനെത്തിയത്.

**ഹുദൂർ:** ഓർത്തതിലും പ്രത്യേകമായ നിലയിൽ കൂടിക്കാഴ്ചക്കെത്തിയതിലും നിങ്ങൾക്കു നന്ദി.

ഡോക്ടർ കത്രീന: ഹുദൂർ അമേരിക്കയുടെ ഒരു ആത്മീയ ഔഷധമാണ്. ഇപ്പോൾ അമേരിക്കക്ക് ഹുദൂറിന്റെ മാർഗദർശനത്തിന്റേയും നേതൃത്വത്തിന്റേയും ശക്തമായ ആവശ്യമുണ്ട്.

**ഹുദൂർ:** നാം സമാധാനം ആഗ്രഹിക്കുന്നു. സമാധാന സ്ഥാപനത്തിനുവേണ്ടി ശ്രമിച്ചു വരുന്നു. എന്നാൽ സമാധാനത്തിന്റെ ഭാഗത്തേക്ക് ചുവടുകൾ ഉയർന്നു വരുന്നില്ല. ഞാൻ മാധ്യമങ്ങളോടും പറഞ്ഞു. നമ്മൾ സമാധാന സ്ഥാപനത്തിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ ഒരു ആഗോള യുദ്ധത്തിലേക്കു നീങ്ങുകയാണ് ചെയ്യുക. ഇപ്പോൾ ആഗോള യുദ്ധത്തിന്റെ ഭയപ്പാടുണ്ടെന്ന് മറ്റു ചില ഉത്തരവാദപ്പെട്ടവരും വെളിപ്പെടുത്തുന്നു.

ഡോക്ടർ കത്രീന: നിസ്സംശയം ഹുദൂർ ധൈര്യത്തിന്റേയും ക്ഷമയുടേയും മഹോന്നത മാതൃകയാണ്.

**ഹുദൂർ:** അഹ്മദിയ്യാ ജമാഅത്ത് പാക്കിസ്താനിൽ സ്റ്റേറ്റ് പ്രോസിക്യൂഷനെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. അവിടെ നിയമങ്ങൾ മുഖേന അഹ്മദികളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുന്നു. ഇപ്പോഴുള്ള ലോകത്തിന്റെ അവസ്ഥ, നമ്മൾ വിവിധ സമൂഹങ്ങളിൽ വെറുപ്പിന്റെ വിത്തുകൾ വിതയ്ക്കുകയാണ്. ഇപ്പോള് എടുക്കപ്പെടുന്ന ഈ നീക്കങ്ങൾകൊണ്ട് സമാധാന സ്ഥാപനം സാധ്യമാകുകയില്ല. ഇത് വൻശക്തി രാജ്യങ്ങളുടെ ഉത്തരവാദിത്വമാണ്. നേതാക്കൾ എന്ന നിലയിൽ നിങ്ങളുടെ ഉത്തരവാദിത്വമാണ് എങ്ങനെ സമാധാനത്തിലേക്ക് കാൽ വെക്കണമെന്നത്. നമുക്ക് നിങ്ങളെ പോലെയുള്ള കൂടുതൽ പ്രവർത്തകരുടെ ആവശ്യമുണ്ട്. അമേരിക്കയിൽ മാത്രമല്ല, ലോകത്തെ ഇതര രാഷ്ട്രങ്ങളിലും ആവശ്യമുണ്ട്.

ഡോക്ടർ കത്രീന മസ്ജിദ് ഉൽഘാടനത്തിന് ഹുദൂറിന് ആശംസകൾ നേർന്നു. യു.എസ് അംബാസഡറോടും ഇതര കോൺഗ്രസ് അംഗങ്ങളോടും മതസ്വാതന്ത്ര്യത്തെ കുറിച്ച് ഹുദൂർ സംസാരിച്ചതിൽ തനിക്ക് വളരെ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു. ഹുദൂറിന്റെ മടക്കയാത്രയെ കുറിച്ചുള്ള വിവരങ്ങളും അവർ ചോദിച്ചറിഞ്ഞു.

**ഹുദൂർ:** തിങ്കളാഴ്ച മടങ്ങിപ്പോകും.

5.10വരെ ഈ കൂടിക്കാഴ്ച നീണ്ടു. ഒടുവിൽ അവർ ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു.

ശേഷം ഗാംബിയാ അംബാസഡർ ആദരണീയ ഡാവ്ഡ ഫെഡേറക്ക് (Hon.Dawda Federa)ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം ലഭിച്ചു. ഒപ്പം അദ്ദേഹത്തിന്റെ ഭാര്യയും പൊളിറ്റിക്കൽ കൗൺസിലറും ഉണ്ടായിരുന്നു. പുതിയ ഭരണ കൂടത്തിന്റെ പ്രവർത്തനത്തെ കുറിച്ച് സംഭാഷണം നടന്നു.

**ഹുദൂർ:** ഇപ്പോൾ ഗാംബിയായിൽ ഞങ്ങൾ സ്വന്തം ചാനൽ തുറക്കുകയാണ്. ഞങ്ങൾ ഗാംബിയൻ ടീ.വി യേയും സഹായിക്കുന്നുണ്ട്. അവിടെ അവർക്ക് സാങ്കേതിക വിദ്യ പഠിപ്പിച്ചു വരുന്നു. വഴികൾ പറഞ്ഞു കൊടുക്കുന്നു.

അംബാസഡർ: ജമാഅത്ത് അവിടെ തുറന്നിരിക്കുന്ന സ്കൂളുകളും ആശുപത്രികളും രാഷ്ട്രത്തിന് വളരെ പ്രയോജനകരമാണ്. വിദ്യാഭ്യാസം തന്നെയാണ് രാഷ്ട്രത്തിന്റെ പുരോഗതിക്കടിസ്ഥാനം. തൽഡംഗ് കൻജാംഗിലുള്ള(ബാൻജല്) സ്കൂൾ രാജ്യത്തിലെ ഏറ്റവും നല്ല സ്കൂളാണ്.

**ഹുദൂർ:** ഞങ്ങൾ ദൈവത്തിനു വേണ്ടി സഹായിക്കുന്നു. ദൈവത്തിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ട് പ്രവർത്തിക്കുന്നു. മറ്റുള്ളവർക്ക് പല താൽപര്യങ്ങളുമാണുള്ളത്.

ഈ കൂടിക്കാഴ്ചയും 5.15 വരെ നീണ്ടു നിന്നു. അവർക്ക് ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

തുടർന്ന് കോൺഗ്രസംഗം ജെറി കൊന്നോലി(Gerry Connolly)യുമായുള്ള കൂടിക്കാഴ്ചയായിരുന്നു.അദ്ദേഹത്തിന്റെ ഒരു ചോദ്യത്തിന് മറുപടി എന്ന നിലയിൽ ഹുദൂർ പറഞ്ഞു: മൂന്നാഴ്ച മുമ്പേ അമേരിക്കയിൽ വന്നിരുന്നു. ഇതിനിടയിൽ ഗ്വാട്ടിമാലയിലും പോയി. അവിടെ ഞങ്ങളൊരു ഹോസ്പിറ്റൽ നിർമിച്ചിട്ടുണ്ട്. അതിന്റെ ഉൽഘാടനം നിർവഹിച്ചു.

കോൺഗ്രസ് അംഗം: ഗ്വാട്ടിമാല വളരെ മനോഹരമായ രാജ്യമാണ്.

**ഹുദൂർ:** വളരെ മനോഹരമാണ്.

കോൺഗ്രസംഗം: ഇനി മൂന്ന് ദിവസം കഴിഞ്ഞാൽ രാജ്യത്ത് തിരഞ്ഞെടുപ്പ് നടക്കുകയാണ്.

**ഹുദൂർ:** അതിന്ന് ഒരു ദിവസം മുമ്പേ ഞാൻ പോകും.

ഹുദൂർ ചോദിച്ചതിനെ തുടർന്ന് അദ്ദേഹം പറഞ്ഞു: എന്റെ പ്രദേശത്ത് 8 ലക്ഷത്തോളം പേരാണ് ഏകദേശമുള്ളത്. വോട്ടിംഗ് 50 ശതമാനത്തോളം വരാറുണ്ട്.

**ഹുദൂർ:** ഇതിന്റെ അർഥം ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം കൂടുകയാണെങ്കിൽ വിജയിക്കാൻ എളുപ്പമാകും എന്നാണ്. വോട്ടർമാരെ വീടുകളിൽ നിന്നു കൊണ്ടു വരികയാണെങ്കിൽ നിങ്ങൾക്കു വിജയിക്കാം.

അദ്ദേഹം ജമാഅത്തിനെ സംബന്ധിച്ച് പറഞ്ഞു: ഇവിടെ അമേരിക്കയിൽ നിങ്ങളുടെ ജമാഅത്ത് പുരോഗതി പ്രാപിച്ചു വരുന്നു.

**ഹുദൂർ:** ഇവിടേയും എല്ലായിടത്തും പുരോഗതി പ്രാപിച്ചു വരുന്നുണ്ട്. എല്ലാ വർഷവും അഞ്ചാറ് ലക്ഷം പേർ ജമാഅത്തിൽ പ്രവേശിക്കുന്നു. ജമാഅത്ത് അഭിവൃദ്ധിപ്പെട്ടു വരുന്നു.

ഈ കൂടിക്കാഴ്ച 5.29 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

സർക്കാർ പ്രതിനിധികൾ, അതിഥികൾ എന്നിവരുമായുള്ള കൂടിക്കാഴ്ച

ശേഷം ഹുദൂർ ലൈബ്രറി സന്ദർശിച്ചു. മസ്റൂർ മസ്ജിദ് ഉൽഘാടനത്തിൽ പങ്കെടുക്കാനെത്തിയ സർക്കാർ പ്രതിനിധികളും അതിഥികളും അവിടെ സന്നിഹിതരായിരുന്നു. താഴെ ചേർക്കുന്ന വ്യക്തികൾ ഈ കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

1. ഹാല അയാലാ (Hala Ayala)–വെർജീനിയ ഹൗസ് ഓഫ് ഡെലിഗേറ്റസിലെ അംഗം.
2. റൂത് ആന്റേഴ്സൺ(Ruth Anderson) –പ്രിൻസ് വില്യം കൗണ്ടി ബോർഡ് ഓഫ് സൂപ്പർ വൈസേഴ്സിലെ അംഗം.
3. ജീനെറ്റെ റിഷേൽ(Jeanette Rishell)–മനസാസ് പാർക്ക്(Manasas Park) മേയർ
4. മൗറീൻ കാഡീഗാണ്(Maureen Caddigan)–പ്രിൻസ് വില്യം കൗണ്ടി ബോർഡ് ഓഫ് സൂപ്പർ വൈസേഴ്സ് അംഗം.
5. കൊറേ സ്റെവാർട്ട്(Correy Stewart)–പ്രിൻസ് വില്യം കൗണ്ടി ബോർഡ് ഓഫ് സൂപ്പർ വൈസേഴ്സ് ചെയർമാൻ.
6. മാർട്ടിന് നോഹ(Martin Noha) –പ്രിൻസ് വില്യം കൗണ്ടി ബോർഡ് ഓഫ് സൂപ്പർ വൈസേഴ്സ് അംഗം.
7. ജെറമി മക്പികെ(Jeremy McPike)–സെനറ്റർ, സ്റ്റേറ്റ് ഓഫ് വെർജീനിയ
8. ഡാവ്ഡ ഫഡേറ(Dawda Fadera)–ഗാംബിയ അംബാസഡർ
9. ആഡം മാന്നെ(Adam Manne)–വെർജീനിയയിലെ യഹൂദി സംഘടനയായ നെർഷലോം (Nershalom)ന്റെ വൈസ് പ്രസിഡന്റ്.
10. കാഥ് ലീന് സ്മിത്ത്(Kathleen Smith)–ഫെയർഫാക്സ് കൗണ്ടി ബോർഡ് ഓഫ് ഡയറക്ടേഴ്സിലെ അംഗം
11. എലിസബത്ത് ഗുസ്മാൻ(Elizabeth Guzman) –വെർജീനിയ ഹൗസ് ഓഫ് ഡെലിഗേറ്റ്സിലെ അംഗം.
12. ഡോക്ടർ കത്രീന ലാന്റോസ് സ്വെറ്റ്(Dr.Katrina Lantos Swett)–ഹ്യൂമൻ റൈറ്റ്സ് ആന്റ് ജസ്റ്റിസ് ടോം ലാന്റോസ് ഫൌണ്ടേഷൻ (Tom Lantos Foundation)ന്റെ പ്രസിഡന്റ്.
13. അബ്ദുൽ അസീസ് സചേഡിന (Abdul Azeez Sachedina)–ജോർജ് മേസൻ യൂണിവേഴ്സിറ്റി ഇസ്‌ലാമിക് സ്റ്റഡീസിന്റെ തലവൻ.
14. ആദരണീയ ജെറി കൊണോലി(Jerry Connolly)–യു.എസ് കോൺഗ്രസ്മാൻ

കൂടിക്കാഴ്ചയുടെ ആരംഭത്തിൽ എല്ലാവരും തങ്ങളെ പരിചയപ്പെടുത്തി.

❋ പ്രിൻസ് വില്യം കൗണ്ടിയുടെ ചെയർമാൻ ബോർഡ് ഓഫ് സൂപ്പർവൈസർ പറഞ്ഞു:

ഞാൻ ഹുദൂറിനെ ഈ കൗണ്ടിയിലേക്ക് സ്വാഗതം ചെയ്യുന്നു. ഞാൻ ഈ വർഷം സെനറ്റിലെ സീറ്റിനു വേണ്ടിയും പങ്കെടുക്കുന്നുണ്ട്. അതിന്നുവേണ്ടി ഞാൻ ഹുദൂറിന്റെ സന്നിധിയിൽ ദുആക്കപേക്ഷിക്കുന്നു.

**ഹുദൂർ:** അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

❋ മാർട്ടിൻ നൊഹെ(Martin Nohe): ഞാനും പ്രിൻസ് വില്യം കൗണ്ടി ബോർഡ് ഓഫ് സൂപ്പർ വൈസേഴ്സിലെ അംഗമാണ്. എനിക്കും അഹ്മദികളോടൊപ്പം പ്രവർത്തിക്കാനുള്ള അവസരം കിട്ടിയിട്ടുണ്ട്. അല്ലാഹുവിന്റെ ഭവന നിർമാണ സ്വപ്നത്തെ പരിപൂർത്തിയിലെത്തിക്കാൻ വേണ്ടി പ്രവർത്തിച്ചതിൽ അഭിമാനമുണ്ട്.

ഹുദൂർ ചോദിച്ചതിനെ തുടർന്ന് അവർ പറഞ്ഞു: എന്റെ കൗണ്ടിയിലും അഹ്മദികളുണ്ട്. എണ്ണത്തിൽ അത്രയധികമില്ലെങ്കിലും അവരുടെ സംഖ്യയിൽ വർധനയുണ്ട്.

**ഹുദൂർ:** ഇതിൽ ഇനി കൂടുതൽ വർധനയുണ്ടാകും. കാരണം വളരെയധികം അഭയാർഥികൾ ഇവിടെ വരുന്നുണ്ട്.

❋ മാർട്ടിനൻ നൊഹെ: മുമ്പേ ഞങ്ങളുടെ കൗണ്ടിയിൽ വിവിധ മതങ്ങളും സമൂഹങ്ങളുമായി ബന്ധപ്പെട്ടവർ വളരെ കുറവായിരുന്നു. എന്നാലിപ്പോൾ ഞങ്ങളുടെ കൗണ്ടിയിലെ diversity യിൽ ഒരുപാട് വർധനയുണ്ടായി.

❋ ഗാംബിയൻ അംബാസഡർ ഡാവ്ഡ ഫഡേറ (Dawda Fadera)–തന്റെ കുടുംബത്തോടൊപ്പമാണ് ഈ മീറ്റിംഗിൽ പങ്കെടുത്തത്. അവർ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഹോസ്പിറ്റലുകളും സ്കൂളുകളും മസ്ജിദുകളും മുഖേന ഞങ്ങളുടെ

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

രാഷ്ട്രം ഗാംബിയ വളരെ ഫലമെടുത്തു കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഞങ്ങളുടെ രാജ്യത്തിൽ അങ്ങേയറ്റം ആശാവഹമായ സ്വാധീനം ജനങ്ങളിൽ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. ഗാംബിയൻ സർക്കാറും അഹ്മദിയ്യാ ജമാഅത്തും തമ്മിലുള്ള ബന്ധം വളരെ ശക്തമാണ്. ഈ ബന്ധങ്ങൾ കാരണത്താലാണ് ഇന്നിവടെ വരാൻ കാരണമായതും.

ഹുദൂർ അവർക്ക് നന്ദി പറഞ്ഞു.

❋പ്രിൻസ് വില്യം കൗണ്ടിയിലെ ചെയർമാൻ ഓഫ് സ്കൂൾ ബോർഡ് ബാബർ ലത്വീഫ് സാഹിബ്: ഞാൻ ഹുദൂറിനെ ഇവിടേക്ക് സ്വാഗതം ചെയ്യുന്നു. നമ്മുടെ സ്കൂൾ സിസ്റ്റത്തിൽ തൊണ്ണൂറ്റിഒന്നായിരം കുട്ടുകൾ പഠിച്ചു വരുന്നു. ഇവരിൽ വളരെയധികം അഹ്മദികളുമുണ്ട്.

❋സെനഗോഗിന്റെ പ്രതിനിധി ആഡം മാന്നെ (Adam Manne)സാഹിബ് പറയുന്നു: യഹൂദ സമൂഹത്തിൽനിന്ന് ക്ഷണിച്ചതിന്ന് അങ്ങയ്ക്ക് നന്ദി പ്രകാശിപ്പിക്കുന്നു.

❋ഡോക്ടർ കത്റീന ലാന്റോസ് സ്വെറ്റ്(Dr.Katrina Lantos Swett) തന്റെ വികാരങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു: അങ്ങയുടെ സമൂഹം ഈ രാജ്യത്തിന്റെ പുരോഗതിയിൽ സുപ്രധാന പങ്കു വഹിക്കുന്നു. അങ്ങ് ഇവിടെ വന്നതിൽ ഞാൻ അങ്ങയ്ക്ക് നന്ദി പറയുന്നു.അങ്ങയുടെ വരവ് ഞങ്ങൾക്ക് അഭിമാനമുണർത്തുന്നു. അതിഥികളുമായുള്ള ഈ കൂടിക്കാഴ്ച 3.35 വരെ നീണ്ടു നിന്നു.

## മസ്ജിദ് മസ്റൂർ ഉൽഘാടന പരിപാടി.

ഈ പരിപാടിക്കുശേഷം ഹുദൂർ മസ്ജിദിന് പുറത്ത് തയ്യാറാക്കിയ പന്തലിലേക്ക് വന്നു. ഇവിടെ മസ്ജിദ് മസ്റൂറിന്റെ ഉല്ഘാടനവുമായി ബന്ധപ്പെട്ട് ഒരു ചടങ്ങ് സംഘടിപ്പിച്ചിരുന്നു. 200ലധികം അനഹ്മദി അതിഥികൾ ഇതിൽ പങ്കെടുത്തു.അവരുടെ പേരുകൾ ഇങ്ങനെയാണ്:

1. ആദരണീയ ജെറി കൊണോലി(Jerry Connolly) –യു.എസ് കോൺഗ്രസ്മാൻ
2. ഡോക്ടർ കത്റീന ലാന്റോസ് സ്വെറ്റ്(Dr.Katrina Lantos Swett)–ഹ്യൂമൻ റൈറ്റ്സ് ആന്റ് ജസ്റ്റിസ് ടോം ലാന്റോസ് ഫൌണ്ടേഷൻ (Tom Lantos Foundation)ന്റെ പ്രസിഡന്റ്.
3. ഡാവ്ഡ ഫഡേറ(Dawda Fadera)–ഗാംബിയ അംബാസഡർ
4. ജെറേമി മക്പികെ(Jeremy McPike)–സെനറ്റർ, സ്റ്റേറ്റ് ഓഫ് വെർജീനിയ
5. വെർജീനിയ ഹൗസ് ഓഫ് ഡെലിഗേറ്റ്സിലെ അംഗങ്ങൾ
6. ചെയർമാൻ ഡീസി സിറ്റി കൌൺസിൽ
7. ജീനെറ്റെ റിഷേൽ(Jeanette Rishell)–മനസാസ് പാർക്ക്(Manasas Park) മേയർ
8. ഫെയർഫേയുടെ മേയർ
9. കൊറേ സ്റ്റെവാർട്ട്(Correy Stewart)–പ്രിൻസ് വില്യം കൗണ്ടി ബോർഡ് ഓഫ് സൂപ്പർ വൈസേഴ്സ് ചെയർമാൻ.
10. പ്രിൻസ് വില്യത്തിന്റേയും ഫെയർഫെ കൗണ്ടി ബോർഡിലെ 5 അംഗങ്ങൾ
11. അബ്ദുൽ അസീസ് സചേഡിന–ജോർജ് മേസൻ യൂണിവേഴ്സിറ്റി ഇസ്ലാമിക് സ്റ്റഡീസിന്റെ തലവൻ.
12. ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയുടെ 2 പ്രഫസർമാർ.
13. ആഡം മാന്നെ(Adam Manne)–വെർജീനിയയിലെ യഹൂദി സംഘടനയായ നെർഷലോം (Nershalom)ന്റെ വൈസ് പ്രസിഡന്റ്.

ഇവരെക്കൂടാതെ ഡോക്ടർമാർ, അധ്യാപകർ, വക്കീലുമാർ, ജേർണലിസ്റ്റുമാർ, പത്ര പ്രതിനിധികൾ, സുരക്ഷാ സേനയുടെ പ്രതിനിധികൾ, ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധമുള്ള അതിഥികളും പങ്കെടുത്തു.

സൗത്ത് വെർജീനിയ അഹ്മദിയ്യാ മിഷണറി ആദരണീയ ഫാറാൻ റബ്ബാനി സാഹിബിന്റെ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. ഇതിന്റെ ഇംഗ്ലീഷ് തർജമയ്ക്കുശേഷം അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ നാഷണൽ വിദേശകാര്യ വകുപ്പിന്റെ സെക്രട്ടറിയായ അംജദ് മഹ് മൂദ് ഖാൻ അതിഥികൾക്ക് സ്വാഗതം ആശംസിച്ചു. ഈ പരിപാടി പരിചയപ്പെടുത്തിയ ശേഷം 3 അതിഥികൾ അവരുടെ ഹ്രസ്വഭാഷണം നിർവഹിച്ചു.

❋ആദരണീയ ജെറി കൊണോലി(Jerry Connolly) സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞു: ഞാൻ ഹുദൂറിനെ പ്രിൻസ് വില്യം കൗണ്ടിയിലേക്ക് സ്വാഗതം ചെയ്യുന്നു. മസ്ജിദ് മസ്റൂറിന്റെ ഉൽഘാടനം എന്നിൽ വളരെ മഹത്ത്വം ഉളവാക്കുന്നു. ഞങ്ങൾ വളരെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലൂടെ കടന്നു പോകുമ്പോഴാണ് ഹുദൂർ അമേരിക്ക സന്ദർശിക്കുന്നത്. ഇവിടെ ദിനേന എന്തെങ്കിലും ഒരു ഗുരുതരാവസ്ഥ ഉണ്ടാകുന്നുണ്ട്. ഈയടുത്ത കാലത്ത് പെൻസിൽവാനിയാ(Pennsylvania)യിലെ പിറ്റ്സ്ബെർഗി(Pittsburgh)ലെ സിനഗോഗിലും (Synagogue) അപകടമുണ്ടായി. നമ്മുടെ രാജ്യം *'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'* എന്ന വാക്കുകളിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതിന്റെ ശക്തമായ ആവശ്യം നിലനില്ക്കുന്നു. ഹുദൂറിന്റെ മുമ്പിൽ വിവിധ രംഗങ്ങളുമായി ബന്ധമുള്ള വ്യക്തികളാണ് ഉപവിഷ്ഠരായിരിക്കുന്നത്. ഇത് വിവിധ സംസ്കാരങ്ങളുൾക്കൊള്ളുന്ന സമൂഹത്തെ സ്വാഗതം ചെയ്യുന്നതാണ്. നമ്മുടെ രാജ്യത്തിന്റെ മോട്ടോ(motto)യും അടയാളവും e pluribus Unum ആണ്. ഇത് ഒരു ലാറ്റിൻ ചൊല്ലാണ്. അതിന്റെ അർഥം വളരെ സാധനങ്ങൾ ചേർന്ന് ഒന്ന് എന്നാണ്. നാമെല്ലാവരും ഒരൊറ്റ സമൂഹമാണ്. നാമെല്ലാവരും ഒരൊറ്റ രാജ്യമാണ്. അതുകൊണ്ടാണ് ഇന്ന് നമ്മൾ ഈ മനോഹരമായ മസ്ജിദിന്റെ ഉൽഘാടന സന്തോഷത്തിൽ പങ്കാളികളാകുന്നത്. അങ്ങയെ സ്വാഗതം ചെയ്യുന്നു. അങ്ങ് കൂടെ കൊണ്ടു വന്നിട്ടുള്ള സന്ദേശത്തിൽ ഞങ്ങൾക്ക് മഹത്ത്വമുണ്ട്. എനിക്ക് യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഗ്രസിലെ അഹ്മദിയ്യാ മുസ്ലിം കോക്കസിലും (Ahmadiyya Muslim Caucus) പങ്കെടുക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്. അതേപോലെതന്നെ ഹുദൂറിനെ സ്വീകരിക്കാൻവേണ്ടി സമർപ്പിക്കപ്പെട്ട റെസല്യൂഷന്റെ(resolution) ഡ്രാഫ്റ്റിംഗ് തയ്യാറാക്കുന്ന ജോലി നിർവഹിക്കാനും എനിക്ക് സാധിച്ചിട്ടുണ്ട് എന്നതിലും എനിക്ക് അഭിമാനമുണ്ട്. മുഴുലോകത്തും സമാധാന സ്ഥാപനത്തിനു വേണ്ടിയുള്ള ഹുദൂറിന്റെ ശ്രമങ്ങളേയും തീവ്രവാദത്തേയും അതിക്രമങ്ങളേയും അപലപിക്കുന്നതിനേയും ഞാൻ ഏറെ പ്രശംസിക്കുന്നു. മത സ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങൾ, ജനാധിപത്യം എന്നിവയുടെ സ്ഥാപനത്തിനു വേണ്ടിയുള്ള ഉറച്ച തീരുമാനം വളരെ ശ്ലാഘനീയമാണ്. ഇന്ന് ഹുദൂറിന്റെ ഇവിടേക്കുള്ള വരവ് ഞങ്ങൾക്ക് വളരെ അഭിമാനം നല്കുന്നതാണ്. നന്ദി.

പ്രസംഗത്തിനൊടുവിൽ ഹുദൂറിന്റെ തിരുസന്നിധിയില റെസൂലേഷന്റെ ഒരു കോപ്പിയും സമർപ്പിച്ചു. ഹുദൂർ അത് സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന് നന്ദി പറഞ്ഞു.

തുടർന്ന് ഹ്യൂമൻ റൈറ്റ്സ് ആന്റ് ജസ്റ്റിസ് ടോം ലാന്റോസ് ഫൌണ്ടേഷൻ (Tom Lantos Foundation)ന്റെ പ്രസിഡന്റ് ഡോക്ടർ കത്രീന ലാന്റോസ് സ്വെറ്റ്(Dr.Katrina Lantos Swett)–ന്റെ ഹ്രസ്വപ്രസംഗമായിരുന്നു.അവർ പറഞ്ഞു:

നിങ്ങൾക്കെല്ലാവർക്കും നന്ദി. തീർച്ചയായും ഈ അവസരത്തിൽ സന്നിഹിതയായിരിക്കുക എന്നത് എനിക്ക് വളരെ സന്തോഷം പകരുന്നതും അഭിമാനിക്കാവുന്നതുമായ കാര്യമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി എനിക്ക് അഞ്ചാറു പ്രാവശ്യം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഹുദൂറിന്റെ തിരുസന്നിധിയിൽ സന്നിഹിതയാകാനുള്ള അവസരം കിട്ടുമ്പോഴെല്ലാം സമാധാനത്തിന്റേയും സ്നേഹാദരവിന്റേയും സഹവർത്തിത്വത്തിന്റേയും വികാരങ്ങളാണ് എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ളത്.

കോൺഗ്രസ്മാൻ ജെറി കൊണോലിയുടെ വാക്കുകൾ തന്നെ ഞാനും ആവർത്തിക്കുകയാണ്. നമുക്ക് മുമ്പേയുള്ളതിനെക്കാളുപരി ഇപ്പോൾ ഹുദൂറിന്റെ സന്ദേശത്തിന്റെ ശക്തമായ ആവശ്യമുണ്ട്. ഞാൻ യുണൈറ്റഡ് നേഷൻസിന്റെ റിലീജ്യസ് ഫ്രീഡം കമ്മീഷന്റെ തലവനായിരിക്കുമ്പോഴാണ് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചറിയുന്നത്. നിങ്ങൾക്കെല്ലാവർക്കും അറിയാം. അഹ്മദിയ്യാ ജമാഅത്ത് ഒരു ശക്തിമത്തായ സമൂഹമാണ്. അവർ ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും മനുഷ്യകുലത്തിന് സേവനവും വിശ്വാസവും എത്തിക്കുകയുണ്ടായി. ഇതെല്ലാംതന്നെ അഹ്മദിയ്യാ ജമാഅത്ത് ക്രൂരമായ അതിക്രമങ്ങൾ സഹിച്ചു കൊണ്ടാണ് നിർവഹിച്ചു പോരുന്നത്.

പാക്കിസ്താനിൽ അഹ്മദി പൗരന്മാർക്ക് വോട്ട് ചെയ്യാനുള്ള അനുവാദമില്ല. യഥാർഥത്തിൽ പാക്കിസ്താൻ ചരിത്രത്തിൽ കടന്നുപോയ പ്രശസ്തരായ വ്യക്തികളിൽ ഉന്നതസ്ഥാനം അലങ്കരിച്ച വ്യക്തികളിൽ ഉന്നതസ്ഥാനീയർ അഹ്മദികളാണ്. സയൻസിൽ നോബൽ സമ്മാനം വാങ്ങിയ പാക്കിസ്താനിലെ ഏക നോബൽ സമ്മാന ജേതാവ് അഹ്മദിയായിരുന്നു. പാക്കിസ്ഥാൻ ഭരണഘടന എഴുതിയ വ്യക്തി ഒരു അഹ്മദി നിയമജ്ഞൻ ആയിരുന്നു. എന്നിട്ടും അഹ്മദികൾ ഈ രാജ്യത്തിൽ കഠിനമായ അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെടുന്നു. അഹ്മദികൾ എന്നും എനിക്ക് ഒരു സുവർണ തത്ത്വം ഓർമിപ്പിക്കുന്നുണ്ട്. തിന്മക്ക് പകരം തിന്മ ചെയ്യാതിരിക്കുക. അതിക്രമത്തെ അതിക്രമംകൊണ്ടും വിദ്വേഷംകൊണ്ടും നേരിടാതിരിക്കുക. മറിച്ച് തിന്മയെ നന്മ കൊണ്ട് നേരിടുക.അഹ്മദിയ്യാ ജമാഅത്തിന്റെ അസ്തിത്വം തന്നെ ഒരു ഉത്തരവാദിത്വത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. അതായത് നമ്മൾ വ്യക്തി സ്വാതന്ത്ര്യവും മത സ്വാതന്ത്ര്യവും സംരക്ഷിക്കണം.

തുടർന്ന് വെർജീനിയ ഹൗസ് ഓഫ് ഡെലിഗേറ്റ്സ് അംഗം ഹാല അയാലാ (Hala Ayala)പ്രസംഗിച്ചു: അവർ തന്റെ പ്രസംഗാരംഭത്തിൽ സെനറ്റർ ജെറേമി മക്പികെയേയും(Jeremy McPike) സ്റ്റേജിലേക്ക് ക്ഷണിച്ചു. അവർ പറഞ്ഞു: ഹുദൂറിന് സ്വാഗതമോതുന്നതിൽ എനിക്ക് അഭിമാനമുണ്ട്. മസ്


**ഹദീഥുന്നബവ്വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ഹദീസുന്നബവ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 21 May 2020 Issue-21

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ജിദ് മസ്റൂറിന്റെ ഉൽഘാടന പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷവതിയാണ്. ഞങ്ങളുടെ ഗവർണർ റാൽഫ് നോർത്തമി(Ralph Northam)ന്റെ സന്ദേശം ഞാൻ കൊണ്ടു വന്നിട്ടുണ്ട്.

ഗവർണർ ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ സാധിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുകയുണ്ടായി. ഹുദൂറിന് നല്ല ഭാവുകങ്ങളുടെ സന്ദേശം അയച്ചിട്ടുണ്ട്. ഗവർണർ നോർത്തം തന്റെ സന്ദേശത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും മനുഷ്യകുലത്തിന് സേവനം ചെയ്യുന്നതിനും ആഗോളാടിസ്ഥാനത്തിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടത്തിക്കൊണ്ടിരിക്കുന്ന ഹുദൂറിന്റെ ശ്രമങ്ങളെ പ്രശംസിക്കുകയുണ്ടായി. ഗവർണർ പറയുന്നു: 'വെർജീനിയ സ്റ്റേറ്റ് വിവിധ മതങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവരേയും സ്വാഗതം ചെയ്യുന്നു. എല്ലാ മതങ്ങളേയും ഒരു പോലെ ആദരിക്കുന്നു.'

ഗവർണർ തന്റെ സന്ദേശത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങൾക്ക്, ഫുഡ് ഡ്രൈവു കളും (Food Drives)ക്ളോത്തിംഗ് ഡ്രൈവ്(Clothing Drives) പരിപാടികളും സംഘടിപ്പിക്കുന്നതിലും രക്തദാനത്തിൽ മുന്നിട്ടു നില്ക്കുന്നതിലും നന്ദി രേഖപ്പെടുത്തുകയുണ്ടായി.

ഇതിനു ശേഷം അവരും സെനറ്റർ ജെറമി മക്പികെയേയും(Jeremy McPike)ചേർന്ന് ഗവർണറുടെ ഭാഗത്തുനിന്ന് നല്കപ്പെട്ട അംഗീകാര പത്രം ഹുദൂറിന് കൈമാറി. ഈ പത്രത്തിൽ ഇങ്ങനെ ആലേഖനം ചെയ്തിരുന്നു:

"അഹ്മദിയ്യാ ജമാഅത്ത് വെർജീനിയ അവരുടെ സ്വന്തം മസ്ജിദിന്റെ ഉൽഘാടന പരിപാടി നവംബർ 3-ന് ആഘോഷിക്കുന്നു. വെർജീനിയയിൽ അഹ്മദിയ്യാ ജമാഅത്ത് ഈ മസ്ജിദ് മുഖേന വളരെയധികം സേവന പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ഹുദൂർ മുസ്ലിം ലോകത്തിന്റെ ഒരു പ്രധാന വഴികാട്ടിയാണ്. അദ്ദേഹം തന്റെ പ്രഭാഷണങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടേയും മറ്റു മാഗസീനുകളിലൂടേയും സമാധാന സന്ദേശം പ്രചരിപ്പിച്ചു വരുന്നു. ഞങ്ങൾ ഹുദൂറിനെ പ്രിൻസ് വില്യം കൗണ്ടിയിലേക്ക് സ്വഗതം ചെയ്യുന്നു."

### ഹുദൂറിന്റെ പ്രഭാഷണം.

6.12 ന് ഹുദൂർ അതിഥികളെ അഭിമുഖീകരിച്ച് ഇംഗ്ലീഷിൽ പ്രഭാഷണം നടത്തി.

തശഹ്ഹുദും തഅവ്വുദും തസ്മിയയും ചൊല്ലിക്കൊണ്ട് ഹുദൂർ തന്റെ പ്രഭാഷണം ആരംഭിച്ചു.

എല്ലാ ആദരണീയ അതിഥികൾക്കും *അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.* നിങ്ങളെല്ലാവരുടേയുംമേൽ അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ. ഞങ്ങളുടെ ക്ഷണം സ്വീകരിച്ചതിനും ഈ മസ്ജിദുൽഘാടനത്തിൽ പങ്കെടുത്തതിനും എല്ലാ അതിഥികളോടും ആദ്യംതന്നെ ഈ അവസരത്തിൽ നന്ദി അറിയിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് നന്ദി അറിയിക്കുക എന്നത് യഥാർഥത്തിൽ എന്റെ മതപരമായ കടമയാണ്. കാരണം ഇസ്ലാംമത സ്ഥാപകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) നല്കിയിരിക്കുന്ന അധ്യാപനമാണത്. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കാത്തവനാണ്.

ഈ പട്ടണത്തിൽ താമസിക്കുന്ന അധികപേരും അമുസ്ലിമീങ്ങളാണ്. ഈ പ്രദേശത്ത് അഹ്മദികളുടെ എണ്ണം വളരെ കുറവാണ്. എന്നിരിന്നിട്ടും ഇവിടുത്തെ ജനങ്ങളും കൗണ്ടിയിലെ ഔദ്യോഗിക ഉദ്യോഗസ്ഥരും നമുക്ക് ഇവിടെ മസ്ജിദ് നിർമിക്കാൻ അനുവാദം തന്നു. ഇതു മുഖേന നിങ്ങളുടെ വിശാല മനസ്കതയുടേയും സഹവർത്തിത്വത്തിന്റേയും ഉന്നത നിലവാരമാണ് വെളിപ്പെടുന്നത്. നിങ്ങളിൽ അധികപേരും മുസ്ലിമീങ്ങളല്ല. എന്നിട്ടും മതപരവും ഇസ്ലാമികവുമായ ഈ പരിപാടിയിൽ പങ്കെടുക്കുന്നു. ഇക്കാര്യവും നിങ്ങളുടെ വിശാല മനസ്കതയെ വെളിപ്പെടുത്തുന്നതാണ്. ഇത് നിങ്ങളുടെ പ്രത്യക്ഷ സാഹോദര്യ ബോധവും സൽപ്രകൃതവും കാരണത്താലാണ്. വളരെ വിജയകരമായി പുതിയ സമൂഹങ്ങളെ നിങ്ങൾ നിങ്ങളുടെയുള്ളിൽ ഉൾക്കൊള്ളുന്നു.

നമുക്കെല്ലാവർക്കും അറിയാം ഇക്കാലഘട്ടത്തിൽ ഇസ്ലാമിനെ മീഡിയകളിൽ വലിയൊരളവോളം നിഷേധാത്മകമായ രീതിയിലാണ് കാണിച്ചു കൊണ്ടിരിക്കുന്നത്. ഈ നിഷേധാത്മക കവറേജുകൾക്കുള്ള മുഖ്യകാരണം ചില നാമമാത്ര മുസ്ലിമീങ്ങളിലെ ഒരു കുറഞ്ഞ എണ്ണം വ്യക്തികൾ തീവ്രവാദികളാക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഇവർ സ്വന്തം വെറുപ്പുളവാക്കുന്ന പ്രവർത്തനങ്ങളെ ഇസ്ലാമിന്റെ നാമം ഉപയോഗിച്ചുകൊണ്ട് അതികഠിനവും നിന്ദ്യവുമായ രീതി സ്വീകരിക്കുന്നു. ഇതിന്റെ ഫലമായി അധിക അമുസ്ലീങ്ങളുടേയും ഹൃദയങ്ങളെ ഇസ്ലാമിനെ സംബന്ധിച്ച് ഭയം പിടികൂടിയിട്ടുണ്ട്.

എന്നു മാത്രമല്ല ജനങ്ങൾ ദിനേന ഇസ്ലാം സമൂഹങ്ങൾക്ക് അപകടകരമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഇക്കാര്യങ്ങളുടെ വെളിച്ചത്തിൽ മസ്ജിദ് നിർമിക്കാൻ തദ്ദേശവാസികൾ സമ്മതിക്കുക എന്നതും തുടർന്ന് ഈ മസ്ജിദിന്റെ ഉൽഘാടനാവസരത്തിൽ സന്തോഷത്തോടെ പങ്കെടുക്കുകയെന്നതും അങ്ങേയറ്റം സ്തുത്യർഹമായ പ്രവൃത്തിയാണ്. രണ്ടാമതൊരു പ്രാവശ്യം നിങ്ങൾക്ക് ഹൃദയത്തിന്റെ ഉള്ളിൽനിന്ന് നന്ദി പറയാൻ എന്നെ നിർബന്ധിക്കുന്നു.

ഞാൻ നിങ്ങൾക്ക് ഉറപ്പ് നല്കാനുദ്ദേശിക്കുന്ന മറ്റൊരു കാര്യം ഇസ്ലാമിനെ സംബന്ധിച്ച് മീഡിയ കാണിച്ചു കൊണ്ടിരിക്കുന്ന നിഷേധാത്മകമായ കാര്യങ്ങൾക്ക് മതത്തിന്റെ യാഥാർഥ്യവുമായി വിദൂര ബന്ധം പോലുമില്ല എന്നതാണ്. ചില വ്യക്തികൾ അല്ലെങ്കിൽ ചില ഗ്രൂപ്പുകൾ സ്വന്തമായി ചെയ്യുന്ന തരംതാണ പ്രവർത്തനങ്ങളെ സാധൂകരിക്കാൻ ഇസ്ലാമിന്റെ പേര് അവർ ഉപയോഗിക്കുകയാണ്. ഇസ്ലാം സ്നേഹത്തിന്റേയും ശാന്തി സമാധാനത്തിന്റേയും മൈത്രിയുടേയും സാഹോദര്യത്തിന്റേയും അധ്യാപനമാണ് നല്കുന്നത്. യഥാർഥത്തിൽ ഇസ്ലാം എന്ന അറബി പദത്തിന്റെ അർഥം തന്നെ സമാധാനം എന്നാണ്. അടിസ്ഥാനംതന്നെ സമാധാനമായിട്ടുള്ള ഒരു മതം ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് അനുവാദം നല്കുക സാധ്യമല്ല. സമൂഹത്തിലെ ശാന്തി അപകടത്തിലാകുന്ന യാതൊന്നിനേയും അത് പ്രോൽസാഹിപ്പിക്കില്ല. എന്നല്ല ഇത്തരം മതങ്ങൾക്ക് സമാധാനത്തെ പ്രോൽസാഹിപ്പിക്കുകയും മനുഷ്യത്വം പരത്തുകയും ചെയ്യുക എന്നത് അനിവാര്യമാണ്. തീർച്ചയായും ഇസ്ലാമികാധ്യാപനത്തിന്റേയും ഇസ്ലാമിക നിയമത്തിന്റേയും ഏറ്റവും അംഗീകരിക്കാവുന്നതും കൃത്യവുമായ പരിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽനിന്ന് ഞങ്ങൾ ഇതാണ് പഠിച്ചത്. ആദ്യം മുതൽ അവസാനം വരെ സർവ മനുഷ്യകുലത്തിന്റേയും അവകാശങ്ങളും മൂല്യങ്ങളും വലയം ചെയ്തിരിക്കുന്ന കേവലം സമാധാനത്തിന്റെ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഇതിന്റെ അധ്യാപനങ്ങൾ മനുഷ്യകുലത്തിനെ മാനവികതയുടെ പതാകയ്ക്ക് കീഴിൽ ഒരുമിച്ചു കൂട്ടുന്നതാണ്. എല്ലാ ഓരോ വ്യക്തിയുടേയും അവകാശങ്ങൾക്കും ജാമ്യം നല്കുന്നു. അവർക്ക് സമ്പൂർണ സ്വാതന്ത്ര്യം, നീതി എന്നിവയോടുകൂടി സ്വന്തം ജീവിതം നയിക്കാൻ കഴിയും.

എല്ലാ സമുദായത്തിലും നബിയെ അയച്ചിരിക്കുന്നുവെന്ന് വിശുദ്ധ ഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.അവർ തങ്ങളുടെ സമുദായത്തിനുള്ളിൽ അടിസ്ഥാനപരമായ അവകാശങ്ങളുടേയും നീതിന്യായങ്ങളുടേയും മൂല്യങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അവൻ പ്രവാചകന്മാരെ അയച്ചിട്ടുള്ളത് ജനതകളെ ദൈവവുമായി ബന്ധിപ്പിക്കാനും അവന്റെ സൃഷ്ടികളുമായി ബന്ധിപിക്കാനും മനുഷ്യകുലം പരസ്പരാവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കാനും വേണ്ടിയാണ്. ഈ ലക്ഷ്യങ്ങളെ പൂർത്തിയാക്കാനാണ് എല്ലാ സമുദായത്തിലേക്കും ദൂതന്മാർ നിയോഗിതരായതെന്നാണ് ഞങ്ങളുടെ വിശ്വാസം. സ്വഭാവവൈശിഷ്ട്യങ്ങളുടേയും നന്മയുടേയും ഉന്നതമായ മൂല്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും അതിന്റെ സന്ദേശം എത്തിക്കാനുമാണ് നബിമാർ വന്നിട്ടുള്ളതെന്ന് വലിയ വലിയ മതങ്ങളുടെ ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്.അതിനാൽ ഇസ്ലാമിന്റെ അധ്യാപനങ്ങൾ മാനവികതയെ ഐക്യപ്പെടുത്തുന്നതാണ്. മത, വർണ, വർഗ, വ്യത്യാസങ്ങളിൽനിന്ന് വ്യത്യസ്തമായി പരസ്പരം സ്നേഹത്തിന്റേയും ആദരവിന്റേയും വികാരത്തെ ഉത്തേജിപ്പിക്കുകയും അത് ചെയ്യുന്നു. തടസ്സമായി നില്ക്കുന്ന പ്രതിബന്ധങ്ങളെ ഇസ്ലാം ഇല്ലാതാക്കുന്നു. സമ്പൂർണ സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും സംഭാഷണത്തെ പ്രോൽസാഹിപ്പിക്കുന്നു. അതുകൊണ്ട് ഒരു സത്യസന്ധനായ വിശ്വാസി, ഇതര മതങ്ങളെ എതിർക്കുമെന്നും അവരുടെ അനുയായികളെ ആക്രമിക്കുമെന്നും ചിന്തിക്കാൻപോലും സാധിക്കുകയില്ല.

ഇസ്ലാം എവിടേയും ഒരിക്കലും തീവ്രവാദത്തിന്റെ അധ്യാപനം നല്കിയിട്ടില്ല. അതിക്രമത്തിന്റെ ഒരു രൂപത്തേയും പ്രോൽസാഹിപ്പിച്ചിട്ടുമില്ല. എപ്പോഴെങ്കിലും എവിടെയെങ്കിലും മുസ്ലിമീങ്ങൾ തീവ്രവാദ ആക്രമണം നടത്തുകയോ മറ്റേതെങ്കിലും വിധത്തിലുള്ള തീവ്രവാദമോ അവിവേകമോ കാണിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് കേവലം ഇസ്ലാമികാധ്യാപനങ്ങളിൽനിന്ന് അകന്ന കാരണത്താലാണ് സംഭവിച്ചത്. ഇത്തരത്തിലുള്ള ആളുകൾ അല്ലെങ്കിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേവലം ഇസ്ലാമിന്റെ പരിശുദ്ധ നാമത്തെ അപകീർത്തിപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളതും. **(തുടരും)**

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin